2018
ഡിസംബർ
വാല്യം 11 | ലക്കം 12
Annual Subscription ₹ 60.00

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN





പെരുമ്പാവൂർ സെന്റ് ജോർജ്ജ് ദൈവാലയത്തിൽ
നടത്തിയ മൂവാറ്റുപുഴമേഖല യുവജനസംഗമം:
**അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് ദിവ്യബലിയർപ്പിച്ചു**




7 -ാമത് ആർച്ച് ബിഷപ്പ് കൊർണേലിയൂസ് ഇലഞ്ഞിക്കൽ മെമ്മോറിയൽ
ക്വയർ മത്സരവും ബിഷപ്പ് പീറ്റർ തുരുത്തിക്കോണം മെമ്മോറിയൽ പ്രസംഗമത്സരവും
അഭവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നു

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

**DECEMBER 2018**
**Vol.11 • No.12**

REGISTERED NEWSPAPER
Reg.No. KERMAL/2008/24745



Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editors*
**Fr. Xavier Cherunellady**
**Adv. Henry John**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Sri. Albert John**

*Circulation Manager*
**Fr. Xavier Cherunellady**
Mob: 9946511172
Ph: 0481-2456055




## താളുകൾ മറിക്കുമ്പോൾ...


4 എഡിറ്റോറിയൽ:
ബൈബിൾ മാസവും ബൈബിൾ ഞായറും

6 ആഗമനകാലവും, പരിശുദ്ധ വിമലഗിരി മാതാവിന്റെ തിരുനാളും (സർക്കുലർ)

9 ലത്തീൻ കത്തോലിക്കാ സമുദായദിനം (സർക്കുലർ)

12 ചെറുതാകലിന്റെ പുണ്യദിനങ്ങൾ (ലേഖനം)

14 ക്രിസ്തുമസ് (കുറിപ്പ്)

15 വിജയപുരത്തിന്റെ വിമലാംബിക

16 എനിക്കായുടഞ്ഞുനീ (ഗാനം)

17 ഇടവകവാർത്തകൾ

20 എലിക്കുളം ഇടവക സുവർണ്ണജൂബിലി ഗാനം

23 യുവജനവർഷ വാർത്തകൾ

25 സംഘടനാ വാർത്തകൾ

27 വി.എസ്.എസ്.എസ്. വാർത്തകൾ

34 അഭിവന്ദ്യ പിതാവിന്റെ ഡിസംബർ മാസ പരിപാടികൾ



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com

EDITORIAL

# ബൈബിൾ മാസവും ഞായറും

**വെ**ളിപാടു പുസ്തകത്തിലെ സപ്തഭാഗ്യങ്ങളിൽ ആദ്യത്തേത് ഇങ്ങനെയാണ്. "ഈ പ്രവചനത്തിലെ വാക്കുകൾ വായിക്കുന്നവരും കേൾക്കുന്നവരും ഇതിൽ എഴുതപ്പെട്ടിരിക്കുന്നതു പാലിക്കുന്നവരും അനുഗൃഹീതരാകുന്നു." (വെളി. 1:3)

വചനം മാംസം ധരിച്ചതിന്റെ തിരുനാൾ നാം കൊണ്ടാടുന്ന ഡിസംബർ മാസം ബൈബിൾ പാരായണമാസമായും, ഡിസംബർ 30-ാം തീയതി ബൈബിൾ ഞായറായും നാം ആചരിക്കുന്നു. അവതരിച്ച വചനത്തെ ജനിപ്പിച്ചു വളർത്തിയ തിരുക്കുടുംബത്തിന്റെ തിരുനാളും ആണ് ക്രിസ്മസിന്റെ പിറ്റേ ഞായറാഴ്ച (ഡിസംബർ 30).

ക്രൈസ്തവ ജീവിതത്തിൽ ബൈബിളിനുള്ള പ്രാധാന്യം വെളിവാക്കി ബൈബിൾ വായിക്കാനും കേൾക്കാനും ബൈബിളിലെ വചനം പാലിക്കാനും ആഹ്വാനം ചെയ്യപ്പെടുന്നു, ബൈബിൾ പാരായണ മാസത്തിലൂടെ.

വചനത്താലാണ് എല്ലാം സൃഷ്ടിക്കപ്പെട്ടത്. വചനത്താലാണ് എല്ലാം നയിക്കപ്പെടുന്നത്. വചനത്തിലൂടെയാണ് രക്ഷ പകരപ്പെടുന്നത്. വചനം നിറവേറ്റുന്നതിലൂടെയാണ് സ്വർഗ്ഗം അനുഭവിക്കാനാവുന്നത്. ക്രൈസ്തവ ജീവിതത്തിന്റെ വിവിധ തലങ്ങളായ ആരാധന, പ്രബോധനം, നിയമം, അനുഷ്ഠാനങ്ങൾ, ബന്ധങ്ങൾ, പെരുമാറ്റങ്ങൾ, ചിന്താഗതികൾ തുടങ്ങിയവയുടെയെല്ലാം അടിസ്ഥാനവും ആധാരവുമാണ് ബൈബിൾ. അതിൽ ചരിത്രവും നിയമവും പ്രവചനങ്ങളുമുണ്ട്. അതിലൂടെ നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയും ജീവിതത്തിൽ പാലിക്കേണ്ട നിയമങ്ങളും സാക്ഷാത്ക്കരിക്കേണ്ട പ്രവചനങ്ങളും വെളിവാക്കപ്പെടുന്നു. ക്രൈസ്തവൻ ഓർമ്മയിൽ താലോലിക്കേണ്ടതും ചിന്തിക്കേണ്ടതും ആഗ്രഹിക്കേണ്ടതും, സ്വപ്നം കാണേണ്ടതും എന്തെന്ന് ബൈബിൾ വെളിവാക്കുന്നു. അച്ചടി കണ്ടെത്തുംവരെ ബൈബിൾ വിരളമായിരുന്നു. ഇപ്പോഴോ അത് വേണ്ടത്രയുണ്ട്. മിക്കവാറും എല്ലാ ക്രൈസ്തവഭവനങ്ങളിലും ബൈബിൾ ഉണ്ട്. ബൈബിൾ ശ്രവിക്കാനും അവസരങ്ങൾ ഏറെയാണ്: ആരാധനകൾ, ധ്യാനങ്ങൾ, കൺവെൻഷനുകൾ തുടങ്ങിയവ. എങ്കിലും ബൈബിൾ താല്പര്യത്തോടെ വേണ്ടവണ്ണം വായിക്കപ്പെടുന്നുണ്ടോ, ജിവിതഗന്ധിയായി പഠിക്കപ്പെടുന്നുണ്ടോ, ആഴത്തിൽ ധ്യാനിക്കപ്പെടുന്നുണ്ടോ, ഹൃദയപൂർവ്വം പാലിക്കപ്പെടുന്നുണ്ടോ എന്നതാണ് ചോദ്യം.

ബൈബിൾ മാസാചരണത്തിലൂടെ ബൈബിൾ വായനയും പഠനവും ജീവിതവും പ്രോത്സാഹിപ്പിക്കാൻ ചെയ്യേണ്ട ഏഴു കാര്യങ്ങൾ കുറിക്കട്ടെ:

1. എല്ലാ കുടുംബങ്ങളിലും ഓരോ വ്യക്തിക്കും ബൈബിൾ ഉണ്ടാകാൻ ശ്രദ്ധിക്കുക.
2. എല്ലാ കുടുംബപ്രാർത്ഥനയിലും, കൂട്ടായ്മ പ്രാർത്ഥനയിലും ബൈബിൾ വായനയും വിചിന്തനവും നടത്തുക.
3. എല്ലാ ഇടവകകളിലും സാധിക്കുന്നിടത്തൊക്കെ കത്തോലിക്കാ ബൈബിൾ പഠന കളരികൾ ആരംഭിക്കുക.
4. നൊവേന, തിരുനാൾ തുടങ്ങിയ അവസരങ്ങളിൽ ബൈബിൾ ധ്യാനവും, ബൈബിൾ കൺവെൻഷനുകളും സംഘടിപ്പിക്കുക.

# രൂപതാ കാര്യാലയത്തിൽ നിന്ന്

## ക്രിസ്തുമസ് ആശംസകൾ

"സമയത്തിന്റെ പൂർണ്ണതയിൽ ദൈവം തന്റെ പുത്രനെ അയച്ചു; അവൻ സ്ത്രീയിൽ നിന്നു ജാതനായി" (ഗലാ 4:4)

ദൈവപുത്രൻ മനുഷ്യനായി അവതരിച്ച തിരുപ്പിറവിത്തിരുനാളിന്റെ സന്ദേശം സമാധാനത്തിന്റേതാണല്ലോ. ദൈവകൃപ ലഭിച്ചവർക്കും സന്മനസ്സുള്ളവർക്കുമാണ് അതു ലഭിക്കുന്നത്. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം." (ലൂക്കാ 2:45). ദൈവഹിതമനുസരിച്ചു ജീവിക്കുവാനും മാനവസാഹോദര്യത്തെ അംഗീകരിക്കുവാനും കടപ്പെട്ടിരിക്കുന്ന നാമേവർക്കും സമാധാനവാഹകരായി വർത്തിക്കാം. പുൽക്കൂട്ടിൽ പിറന്ന ഉണ്ണിയേശുവിനെ ഹൃദയത്തിൽ വഹിക്കുന്നവരായിത്തീരാം. പിള്ളക്കച്ചയിൽ പൊതിഞ്ഞ പിഞ്ചുശിശുവിൽ ലോകരക്ഷകനെ ദർശിച്ച ആട്ടിടയന്മാരെപ്പോലെ ദിവ്യരക്ഷകനെ പാവങ്ങളിലും രോഗികളിലും അഗതികളിലും അനാഥരിലും



ദർശിച്ച് അവർക്കു സേവനം ചെയ്യുന്നവരാകാം. കേവലം ബാഹ്യമായ ആഘോഷങ്ങളെക്കാളുപരി ഹൃദയസമാധാനത്തിന്റെയും പരസ്പര സ്നേഹത്തിന്റെയും ആഘോഷാവസരമാവട്ടെ ഈ ക്രിസ്തുമസ് കാലം.

വിജയപുരദൂതിന്റെ മാന്യവായനക്കാർക്കും വരിക്കാർക്കും അഭ്യുദയകാംക്ഷികൾക്കും സ്നേഹോഷ്മളമായ ക്രിസ്തുമസ് മംഗളങ്ങൾ ആശംസിക്കുന്നു.

പത്രാധിപസമിതി

5. പി.ഒ.സി.യും സെമിനാരികളും നടത്തുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിലും, ലോഗോസ് ക്വിസിലും ബൈബിൾ കലാസാഹിത്യ മത്സരങ്ങളിലും പങ്കുചേരാൻ കൂടുതൽ പേരെ പ്രചോദിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക.
6. ഓൺലൈൻ ബൈബിൾ പ്രചരിപ്പിക്കുക.
7. ബൈബിൾ സൊസൈറ്റിയിൽ അംഗത്വമെടുത്ത് കേരള സഭയുടെ ദൈവവചന ശുശ്രൂഷയെ ശക്തിപ്പെടുത്താൻ സഹകരിക്കുക.

ബൈബിൾ പാരായണ മാസാചരണത്തിലൂടെയും ബൈബിൾ ഞായർ ആഘോഷത്തിലൂടെയും ദൈവവചന പ്രചരണത്തിനും അതനുസരിച്ചുള്ള പരിശീലനത്തിനും ജീവിതത്തിനും നമുക്ക് മുന്നിട്ടിറങ്ങാം.

*പത്രാധിപർ*

Diocese of Vijayapuram
CIRCULAR LETTER
VOL. XIII • NO. 05• 2018 • NOVEMBER 2018

# ആഗമനകാലവും, പരിശുദ്ധ വിമലഗിരി മാതാവിന്റെ തിരുനാളും, യുവജനവർഷ സമാപനവും

വന്ദ്യ വൈദികരേ, ബഹു. സന്യസ്തരേ, യേശുവിൽ പ്രിയ മക്കളേ,

ആരാധനക്രമത്തിലെ പ്രഥമഘട്ടമായ ആഗമനകാലത്തിലേക്കു നാം കടക്കുകയാണ്. ഈ കാലയളവിൽ രക്ഷകന്റെ ആഗമനമാണ് ആഘോഷിക്കപ്പെടുന്നത്. രക്ഷിക്കപ്പെട്ട ദൈവജനത്തിന്റെ ആനന്ദത്തിന്റെയും ആത്മസംതൃപ്തിയുടെയും അനുഭവങ്ങൾ അയവിറക്കുന്ന അനുഗ്രഹത്തിന്റെ സുവർണ്ണാവസരമായി ആഗമനകാലം നമുക്കുവേണ്ടി നൽകപ്പെടുകയാണ്. സ്നേഹം തന്നെയായ ദൈവം സ്നേഹത്തിൽ നിന്നും പിൻവാങ്ങിയ മനുഷ്യനെ സ്നേഹത്തിന്റെ കൂട്ടായ്മയിലേക്കു കൂട്ടിക്കൊണ്ടുവരുവാൻ നടത്തിയ തീവ്രമായ പരിശ്രമങ്ങളാണ് പഴയനിയമത്തിലുടനീളം വിവരിക്കപ്പെടുന്നത്. പാപത്തിന്റെ അടിമത്വത്തിലേക്ക് താണുപോയ മനുഷ്യനെ മോചിപ്പിക്കുമെന്ന ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ പൂർത്തീകരണമാണല്ലോ ദൈവപുത്രന്റെ മനുഷ്യാവതാരത്തിലൂടെ സാക്ഷാത്ക്കരിക്കപ്പെട്ടത്. പ്രവാചകരിലൂടെ അറിയിച്ച രക്ഷയുടെ സന്ദേശം തന്റെ പുത്രനിലൂടെ നേരിട്ടു പങ്കുവയ്ക്കുന്നതിനാണ് ദൈവം മനുഷ്യനായി പിറന്നത് (ഹെബ്രാ. 1:1–2).

സമാഗതമായിരിക്കുന്ന ആഗമനകാലത്തിൽ ദൈവത്തിന്റെ രക്ഷാകര പദ്ധതികളെ ധ്യാനവിഷയമാക്കുന്നതോടൊപ്പം യേശുക്രിസ്തുവിന്റെ രണ്ടാം വരവിൽ നാം സ്വീകാര്യരായിത്തീരാനുള്ള തീവ്രമായ ഒരുക്കങ്ങൾ നടത്തുവാനുള്ള അവസരമായി ആഗമനകാലത്തെ ഗൗരവത്തോടെ കരുതണം. ആദ്യവരവിൽ നിന്നു വിഭിന്നമായിരിക്കും അവിടുത്തെ രണ്ടാം വരവെന്ന് തിരുവചനം വ്യക്തമാക്കുന്നു. ആ വരവിൽ യേശുനാഥൻ സാഘോഷം രാജാധിരാജനായും വിധിയാളനുമായിട്ടായിരിക്കും പ്രത്യക്ഷപ്പെടുക. "അപ്പോൾ ആകാശത്തിൽ മനുഷ്യപുത്രന്റെ അടയാളം പ്രത്യക്ഷപ്പെടും. ഭൂമിയിലെ സർവഗോത്രങ്ങളും വിലപിക്കുകയും മനുഷ്യപുത്രൻ വാനമേഘങ്ങളിൽ ശക്തിയോടും മഹത്വത്തോടുംകൂടെ വരുന്നതു കാണുകയും ചെയ്യും. വലിയ കാഹളധ്വനിയോടുകൂടെ തന്റെ ദൂതന്മാരെ അവൻ അയയ്ക്കും. അവർ ആകാശത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ നാലു ദിക്കുകളിലും നിന്ന് അവന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ ഒരുമിച്ചുകൂട്ടും." (മത്താ 24/30–31). അതിനുവേണ്ടിയുള്ള മനുഷ്യന്റെ കാത്തിരിപ്പു ജാഗരൂകതയോടെ, പ്രത്യാശയോടെ, പ്രതീക്ഷയോടെ ആയിരിക്കണം. കാരണം വചനം പറയുന്നു: "നിങ്ങൾ പ്രതീക്ഷിക്കാത്ത മണിക്കൂറിലായിരിക്കും മനുഷ്യപുത്രൻ വരുന്നത്" (മത്താ 24/44). നമ്മുടെ ഒരുക്കം എപ്രകാരമായിരിക്കണമെന്ന് ആദ്യമായി കർത്താ

വിന്റെ വഴി ഒരുക്കുവാൻ ആഗതനായ യോഹന്നാൻതന്നെ അറിയിച്ചിട്ടുണ്ട്. “മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു” (മത്താ 3/2). ജ്ഞാനസ്നാനം സ്വീകരിച്ചതുകൊണ്ടോ, ആചാരാനുഷ്ഠാനങ്ങളിൽ പങ്കുകൊണ്ടതുകൊണ്ടോ, നേർച്ചകാഴ്ചകൾ നടത്തിയതുകൊണ്ടോ ഒരുക്കം പൂർത്തിയാകുന്നില്ല. “മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കണം” (മത്താ 3/8). അതിനാൽ നാം പുതിയ മനുഷ്യരായി, യഥാർത്ഥ ദൈവമക്കളായി മാറണം. നവീകരണം സാദ്ധ്യമാകണമെങ്കിൽ പഴയതെല്ലാം പാടേ ഉപേക്ഷിക്കണം. ലോകത്തെയും ലൗകിക സുഖങ്ങളെയും ത്യജിക്കാതെ ദൈവത്തെ പൂർണമായി സ്നേഹിക്കാൻ കഴിയില്ല. ദൈവത്തെയും മാമോനേയും ഒരു പോലെ ആരാധിക്കാൻ ശ്രമിക്കുന്നത് അപകടകരമാണ്.

ക്രിസ്തുമസിന്റെ ആനന്ദം ആദ്യമായി ആസ്വദിച്ചത് ആട്ടിടയന്മാരാണല്ലോ. അവർ ഒന്നുമില്ലാത്ത ദരിദ്രരായിരുന്നു, ആടുകളുടെ മണം അറിഞ്ഞിരുന്നവർ, അവയുടെ സ്വരം മനസ്സിലാക്കിയിരുന്നവർ; അവരുടെ ഏറ്റവും വലിയ മഹത്വം സന്മനസ്സുണ്ടായിരുന്നു എന്നതായിരുന്നു. രക്ഷകനെ സ്വപ്നം കണ്ടു കഴിഞ്ഞവരായിരുന്നു അവർ. അതുകൊണ്ടാണല്ലോ മാലാഖ പറഞ്ഞതു വിശ്വസിച്ച് അവർ കാലിത്തൊഴുത്തിലേക്കു ഓടിയെത്തിയത്. ഭൗതികമായ ആർഭാടങ്ങളിൽ നാം ദൈവത്തെ കണ്ടുമുട്ടുകയില്ല. പിന്നെയോ ദരിദ്രരിൽ, രോഗികളിൽ, കാരാഗ്രഹവാസികളിൽ, അഭയാർത്ഥികളിൽ, നിരാശ്രയരിൽ, നിരാലംബരിൽ ദൈവത്തെ നാം ദർശിക്കും. ഈ എളിയവരിലൊരുവനു കൊടുത്തപ്പോൾ എനിക്കുതന്നെയെന്ന് കർത്താവ് വെളിപ്പെടുത്തിയത് നാം സദാ ധ്യാനവിഷയമാക്കണം. നാം കർത്താവിനു സ്വീകാര്യരായിത്തീരണമെങ്കിൽ യഥാർത്ഥമായ നവീകരണം സിദ്ധിച്ചവരായിരിക്കണം. നമ്മുടെ ഇതുവരെയുള്ള ജീവിതശൈലി മദ്യപാനം. മയക്കുമരുന്നുപയോഗം, ധൂർത്ത്, അധികാരമോഹം, ലൈംഗികമായ ആസക്തി എന്നിവയിൽ നിന്ന് പൂർണ്ണമായി വിമോചിതരാവണം. അപ്രകാരം ഈ ആഗമനകാലം വിശുദ്ധീകരിക്കപ്പെടാനുള്ള സുവർണ്ണാവസരമായി നമുക്ക് ഏറ്റെടുക്കാം.

**വിമലഗിരിമാതാവിന്റെ തിരുനാൾ**

നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വിമലഗിരി മാതാവിന്റെ തിരുനാൾ എല്ലാ വർഷവും പോലെ ഈ വർഷവും നവംബർ 29-ാം തീയതി മുതൽ ഡിസംബർ 8-ാം തീയതിവരെ ആഘോഷിക്കുന്ന വിവരം എല്ലാവരും അറിഞ്ഞിട്ടുണ്ടാവുമല്ലോ. ദൈവമാതാവായ വിമലഗിരി മാതാവിന്റെ തിരുനാൾ രൂപതാമക്കളുടെ തിരുനാളാണ്. അമ്മയുടെ സന്നിധിയിൽ വന്ന് ഈ വർഷം നമുക്ക് ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയാനും വരുന്ന വർഷത്തേക്കുവേണ്ട മാദ്ധ്യസ്ഥം യാചിക്കുവാനുമുള്ള അവസരമായി അനുഗ്രഹത്തിന്റെ ഈ ദിനങ്ങളെ നമുക്കു സ്വീകരിക്കാം. തിരുനാളിന്റെ സമാപന ദിനമായ ഡിസംബർ 8-ാം തീയതി നമ്മൾ രൂപതാദിനമായും യുവജനവർഷ സമാപന ദിനമായും ആചരിക്കുകയാണ്. അന്നേ ദിവസം രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നും പദയാത്രയായി വിശ്വാസികൾ കോട്ടയം നല്ല ഇടയൻ ദൈവാലയങ്കണത്തിൽ ഉച്ചയ്ക്ക് 12.30 ഓടെ എത്തിരേണ്ടതും ഉച്ചഭക്ഷണത്തിനുശേഷം 1.30 മണിക്ക് ആരംഭിക്കുന്ന വിശ്വാസപ്രഖ്യാപനറാലിയിൽ എല്ലാവരും പങ്കുകൊള്ളേണ്ടതുമാണ്. രൂപതയിലെ എല്ലാ വൈദികരുമൊത്തുള്ള തിരുനാൾ ദിവ്യബലി കത്തീഡ്രലിൽ ആരംഭിക്കുന്നത് 3 മണിക്കാ

ണ്. വൈദികരുടെ ത്രൈമാസ സമ്മേളനത്തിൽ ഞാൻ സൂചിപ്പിച്ചതുപോലെ തിരുനാളിന്റെ സമാപനദിനം മാത്രമല്ല തിരുനാളിന്റെ മറ്റു ദിനങ്ങളിലും ഒരോ ഇടവകയിൽ നിന്നും വികാരിയച്ചന്റെ നേതൃത്വത്തിൽ വിശ്വാസികൾ തീർത്ഥാടകരായി കത്തീഡ്രൽ പള്ളിയിൽ എത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ നടത്തുന്നത് ഉചിതമായിരിക്കും. തീർത്ഥാടകരായി എത്താൻ ആഗ്രഹിക്കുന്നവർക്ക് വേണ്ട താമസസൗകര്യവും ഭക്ഷണവും മുൻകൂട്ടി അറിയിക്കുകയാണെങ്കിൽ ക്രമീകരിക്കാവുന്നതാണ്.

നമ്മുടെ കർത്താവിന്റെ ആഗമനത്തിനായുള്ള (രണ്ടാംവരവിനുള്ള) തീവ്രമായ ഒരുക്കം തിരുനാളിന്റെ സത്ഫലങ്ങൾ നേടിയെടുക്കുവാൻ ഏറെ സഹായകമാകും. നമ്മുടെ യുവജനങ്ങൾ കർത്താവിനോടൊത്തു യാത്ര ചെയ്യട്ടെ. നമുക്ക് നമ്മുടെ യുവജനങ്ങളെ കർത്താവിനെപോലെ അനുധാവനം ചെയ്യാം. (ലൂക്കാ 24:15)

ആഗമനകാലത്തിന്റെ ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ടും, പരിശുദ്ധ വിമലഗിരി മാതാവിന്റെ തിരുനാൾ മംഗളങ്ങൾ ആശംസിച്ചുകൊണ്ടും നിങ്ങളേവരെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവ്വദിച്ചുകൊള്ളുന്നു.

**യുവജനവർഷ സമാപനം**

ഈ കഴിഞ്ഞ ഒക്ടോബർ മാസം പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ നേതൃത്വത്തിൽ നടന്ന 15-ാമത് മെത്രാന്മാരുടെ സിനഡിന്റെ പ്രമേയ വിഷയം യുവജനങ്ങളെ സംബന്ധിച്ച് ആയിരുന്നല്ലോ. ഈ സിനഡിൽ പങ്കെടുക്കാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചതിൽ ഞാൻ അതിയായി സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും നിങ്ങൾക്കേവർക്കും നന്ദിപറയുകയും ചെയ്യുന്നു. ഈ സിനഡിന്റെ പശ്ചാത്തലത്തിലായിരുന്നല്ലോ കെ.സി.ബി.സി. 2018 യുവജനവർഷമായി പ്രഖ്യാപിച്ചത്. നമ്മുടെ രൂപതയിൽ 2018 മാർച്ച് 28-ാം തീയതി ആരംഭിച്ച യുവജനവർഷാഘോഷങ്ങൾക്ക് സമാപനം കുറിക്കുന്നത് ഡിസംബർ 8-ാം തീയതി വിമലഗിരിമാതാവിന്റെ തിരുനാൾ ദിനത്തിലാണ്. എല്ലാ ഫൊറോനാകളിലും യുവജനസംഗമങ്ങൾ നടത്തി യുവജനങ്ങളുടെ കൂട്ടായ്മയും കൗദാശികജീവിതവും പ്രേഷിത തത്പരതയും ശക്തിപ്പെടുത്താൻ കഴിഞ്ഞുവെന്നത് എടുത്തു പറയേണ്ട ഒരു കാര്യമാണ്. വിമലഗിരി തിരുനാളിന്റെ സമാപനദിനം നമ്മുടെ ഇടവകകളിൽ നിന്നുള്ള യുവജനങ്ങളുടെ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. തിരുനാളിന്റെ സമാപനദിനത്തിലെ റാലിക്കും ദിവ്യബലിയിലെ ആരാധനക്രമങ്ങൾക്കും നേതൃത്വം നൽകേണ്ടത് യുവജനങ്ങളാണ്.

* ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിനായി 8-ാം തീയതി ഇടവകയിൽ നിന്നും പങ്കെടുക്കുന്നവരുടെ എണ്ണം മുൻകൂട്ടി കൂരിയായിൽ അറിയിക്കേണ്ടതാണ്.

കോട്ടയം
17.11.2018

**✝ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**
*വിജയപുരം മെത്രാൻ*

*NB: ഈ സർക്കുലർ 2018 നവംബർ 25 ഞായറാഴ്ച ദിവ്യബലിമധ്യേ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.*

Diocese of Vijayapuram
CIRCULAR LETTER
VOL. XIII • NO. 06• 2018 • NOVEMBER 2018

# ലത്തീൻ കത്തോലിക്കാസമുദായദിനം 2018 ഡിസംബർ 9

വന്ദ്യ വൈദികരേ, ബഹു. സന്യസ്തരേ, യേശുവിൽ പ്രിയ മക്കളേ,

ഒരു സഭയും ഒരു സമുദായവും എന്ന ലക്ഷ്യത്തിലേക്ക് വളരാനായി വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ കഴിഞ്ഞുവരുന്ന ഞായർ കേരള ലത്തീൻ കത്തോലിക്കർ സമുദായദിനമായി ആഘോഷിക്കുകയാണല്ലോ. ഈ വർഷം 2018 ഡിസംബർ 9-നാണ് സമുദായദിനാചരണം. സംസ്ഥാനതല ആഘോഷങ്ങൾക്ക് തിരുവനന്തപുരം ലത്തീൻ അതിരൂപതയാണ് ആതിഥേയത്വം വഹിക്കുന്നത്. ഇതോടൊപ്പം എല്ലാ രൂപതകളിലും ഇടവകകളിലും തനതായ ആഘോഷങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. സമുദായദിനാചരണത്തിലൂടെ സഭയ്ക്കും സമൂഹത്തിനും നന്മ പ്രദാനം ചെയ്യാനായി യത്നിക്കുന്ന എല്ലാവർക്കും ദൈവാനുഗ്രഹം നേരുകയും ആശംസകൾ അർപ്പിക്കുകയും ചെയ്യുന്നു.

2017-ൽ വല്ലാർപാടത്തു നടന്ന മിഷൻ കോൺഗ്രസ്സിന്റെയും ബിസിസി കൺവെൻഷന്റെയും തുടർപ്രവർത്തനങ്ങളാണ് നാമിപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. മിഷൻ ദൈവത്തിന്റെ വിളിയായും ബിസിസി അതിനുള്ള പ്രത്യുത്തരമായും സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകാനാണ് നാം തീരുമാനിച്ചിട്ടുള്ളത്. അതനുസരിച്ച് തയ്യാറാക്കിയ ദശവത്സരകർമ്മപദ്ധതിയുമായി വിവിധ ശുശ്രൂഷാസമിതികളും കമ്മീഷനുകളും പ്രവർത്തനനിരതമാണ്. ഹാർട്ട് ടു ഹാർട്ട് പദ്ധതിയിലൂടെ ഓരോ രൂപതയും കേരളത്തിന് പുറത്തുള്ള ഒരു രൂപതയുമായി മിഷൻ ബന്ധം സ്ഥാപിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ ഒക്ടോബർ 5, 6 തീയതികളിൽ മിഷൻ കോൺഗ്രസ്സിന്റെ തുടർപ്രവർത്തനങ്ങൾ വിലയിരുത്തുന്ന ഒരു മിനി ലിവിംഗ് ടുഗദെർ ആലുവ കാർമ്മൽഗിരി സെമിനാരിയിൽ നടത്തുകയുണ്ടായി. ഇവയെല്ലാം സഭയെക്കുറിച്ചും സമുദായത്തെക്കുറിച്ചും കൂടുതൽ പ്രതീക്ഷ പകരുന്ന കാര്യങ്ങളാണ്. ഇനിയും ഏറെക്കാര്യങ്ങൾ എല്ലാവരുടെയും ഒത്തൊരുമയൊടെയുള്ള പ്രവർത്തനങ്ങൾ വഴി നാം നേടിയെടുക്കേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിലാണ് നാം ഈ വർഷത്തെ സമുദായദിനാഘോഷത്തിന് ഒരുങ്ങുന്നത്.

2017 നവംബർ 29 ന് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റ് തീരത്തെയും അവിടെ തിങ്ങിപ്പാർക്കുന്ന ജനങ്ങളെയും തകർത്തെറിയുകയുണ്ടായി. അവരുടെ മുറിവുണക്കാനും ജീവിതം പടുത്തുയർത്തുവാനുള്ള ശ്രമങ്ങൾക്കിട

യിലാണല്ലോ കേരളത്തിലെ 10 ജില്ലകളെ ദുരിതത്തിലാക്കിയ ജലപ്രളയമുണ്ടായത്. ദുരിതബാധിതരെ രക്ഷിക്കുവാനും പുനരധിവസിപ്പിക്കുവാനും നമ്മളെല്ലാവരും, പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികൾ, നടത്തിയ ധീരോദാത്തമായ പ്രവർത്തനങ്ങൾ സമൂഹം അംഗീകരിച്ചതാണ്. സംസ്ഥാനസർക്കാരിന്റെ കണക്കുകൾ പറയുന്നത് 65000 പേരുടെ ജീവൻരക്ഷിക്കാൻ മത്സ്യത്തൊഴിലാളികൾക്ക് കഴിഞ്ഞുവെന്നാണ്. ഇതു നമ്മെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ കാര്യമാണ്. വിജയപുരം രൂപതയിലെ എല്ലാ വൈദികരും സന്യസ്തരും അല്മായരും പ്രത്യേകിച്ച് യുവജനങ്ങളും വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തത് അഭിനന്ദനാർഹമാണ്. അധികാരികളുടെ തുടർച്ചയായ തിരസ്കാരവും അവഗണനയും കാരണം വികസനത്തിന്റെ സദ്ഫലങ്ങൾ നേടിയെടുക്കാനാവാത്ത ജനതയാണ് കേരളത്തിന്റെ തീരപ്രദേശത്തുള്ളത്. മുറിവുകളും ദുരിതങ്ങളും അവഗണിച്ച് സവിശേഷമായ ആത്മബലത്താൽ മത്സ്യത്തൊഴിലാളി സമൂഹം 65000 പേരുടെ ജീവൻ രക്ഷിച്ചുവെന്നത് കേരളത്തിന് ഒരു കാലത്തും വിസ്മരിക്കാനാവില്ല. എന്നാൽ പ്രഖ്യാപിക്കപ്പെടുന്ന ആനുകൂല്യങ്ങൾ കൊണ്ടോ അനുമോദനചടങ്ങുകൾകൊണ്ടോ കേരളത്തിലെ 590 കിലോമീറ്റർ ദൈർഘ്യമുള്ള തീരത്ത് താമസിക്കുന്ന 10 ലക്ഷത്തിലധികം വരുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും തീരദേശജനതയുടെയും വികസനസ്വപ്നങ്ങൾ പൂർത്തീകരിക്കപ്പെടുന്നില്ല.

ഓഖിക്കുശേഷം ആഗസ്റ്റ് 15 മുതൽ കേരളം പ്രളയത്തിലാണ് അകപ്പെട്ടത്. അധികമൊന്നും പരിചിതമല്ലാത്ത പ്രകൃതിദുരന്തത്തിലൂടെ കേരളം കടന്നുപോയി. ഗ്രാമമെന്നോ നഗരമെന്നോ ഇടനാടെന്നോ മലനാടെന്നോ വ്യത്യാസമില്ലാതെ പേമാരിയും കാറ്റും നാശം വിതച്ചു. പതിനായിരക്കണക്കിന് ആളുകൾ നിരാലംബരായി. ചരിത്രത്തിലാദ്യമായി കേരളത്തിലെ എല്ലാ ഡാമുകളും തുറന്നുവിടേണ്ട സാഹചര്യമുണ്ടായി. കാലാവസ്ഥ വ്യതിയാനവും അതിവർഷവും ഭൂവിനിയോഗത്തിന്റെ അശാസ്ത്രീയതയും ദുരന്തത്തിന്റെ ആഘാതം കൂട്ടി. ഈ സാഹചര്യത്തിലാണ് സംസ്ഥാനസർക്കാർ നവകേരളം എന്ന ആശയവുമായി മുന്നിട്ടിറങ്ങിയിട്ടുള്ളത്. നവകേരളസൃഷ്ടിയിലും നമ്മൾ ക്രിയാത്മകമായി സഹകരിക്കണം. കരകയറും കേരളം എന്ന പേരിൽ 2018 സെപ്റ്റംബർ 8-ാം തീയതി വരാപ്പുഴ ആർച്ചുബിഷപ്പ്സ് ഹൗസിൽ കൂടിയ കോൺക്ലേവിൽ നവകേരളസൃഷ്ടിക്ക് ഉപകരിക്കുന്ന ഒരു പദ്ധതി നാം തയ്യാറാക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഡിസംബർ 9 ഞായറാഴ്ച, 12 ലത്തീൻ കത്തോലിക്കാരൂപതകളിലെ എല്ലാ ദേവാലയങ്ങളിലും വിശേഷാൽ പ്രാർത്ഥനകളും സമുദായദിനപരിപാടികളും നടത്താൻ സ്നേഹപൂർവം നിർദേശിക്കുന്നു.

1. ദിവ്യബലിക്കു മുമ്പോ പിമ്പോ പതാക ഉയർത്തുക.
2. ദിവ്യബലിയിൽ ലത്തീൻ കത്തോലിക്കാസഭക്കും സമുദായത്തിനും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക.
3. പ്രസംഗമദ്ധ്യേ നമ്മുടെ സഭയെക്കുറിച്ചും സമുദായത്തെക്കുറിച്ചും സമുദായംഗങ്ങളുടെ ദൗത്യത്തെക്കുറിച്ചും വിശ്വാസികളെ പ്രബുദ്ധരാക്കുക.
4. ആ ദിനത്തിലെ സ്ത്രോതകാഴ്ച്ച സമുദായവളർച്ചയ്ക്കുവേണ്ടി പ്രത്യേകം സ്വരൂപിച്ച് രൂപതാ കൂരിയവഴി കെആർഎൽസിസി കേന്ദ്ര കാര്യാലയത്തിൽ 2019 ജനുവരി 31 നുമുമ്പായി എത്തിക്കുക.

5. ദിവ്യബലിക്കുശേഷം വിവിധശുശ്രൂഷകൾക്കും സംഘടനകൾക്കും സമിതികൾക്കും നേതൃത്വം നല്കുന്നവർക്കായി ഇടവകതല പഠനക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക.

ഈ വർഷം ഡിസംബർ 9-ന് സംസ്ഥാനതലത്തിലുള്ളസമുദായദിനാഘോഷം തിരുവനന്തപുരത്ത് നടക്കുന്നകാര്യം നേരത്തെ പ്രസ്താവിച്ചുവല്ലോ. രാവിലെ 10 മണിക്ക് ഓൾ സെയിന്റ്സ് കോളെജിൽ പതാക ഉയർത്തലിനുശേഷം മൂന്ന് വിഭാഗങ്ങളിലായി അല്മായ കമ്മീഷൻ, വനിതാകമ്മീഷൻ, യുവജനകമ്മീഷൻ എന്നിവയുടെ നേതൃത്വത്തിൽ മൂന്ന് നേതൃസമ്മേളനങ്ങൾ നടക്കും. നേതൃസമ്മേളനങ്ങളിൽ പങ്കെടുക്കുവാൻ എല്ലാ രൂപതകളിൽനിന്നും ഓരോ വിഭാഗത്തിലും പത്തിൽ കുറയാതെയുള്ള പ്രതിനിധികളെ അയയ്ക്കേണ്ടതാണ്. ഓരോ സെമിനാറിലും പങ്കെടുക്കാനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള സമുദായ സാമൂഹിക സംഘടനകളിലെ പ്രതിനിധികൾ എല്ലാവരും ഈ സെമിനാറിൽ പങ്കെടുക്കുന്നുവെന്ന് ഈ സംഘടനകളുടെ ഭാരവാഹികൾ ഉറപ്പുവരുത്തേണ്ടതാണ്.

ഉച്ചഭക്ഷണത്തിനുശേഷം 2.30ന് ദിവ്യബലി അർപ്പിക്കും. വൈകുന്നേരം 5.00 ന് ശംഖുമുഖം കടപ്പുറത്ത് സമുദായസംഗമം നടക്കും. എല്ലാ ഇടവകകളിൽ നിന്നും വിശിഷ്യ തിരുവനന്തപുരം അതിരൂപയിൽ നിന്നും പരമാവധി ആൾക്കാർ ഇതിൽ പങ്കെടുക്കാൻ എത്തിച്ചേരേണ്ടതാണ്. ഇടവകവികാരിയും അജപാലനസമിതിയും (പാരിഷ് പാസ്റ്ററൽ കൗൺസിൽ) ഇതിനു നേതൃത്വം നല്കണം. സമുദായത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുന്നത് കെഎൽസിഎ, കെഎൽസിഡബ്ല്യുഎ, ഡിസിഎംഎസ്/ കെസിവൈഎം/ എൽസിവൈഎം, കെഎൽഎം, ഭക്തസംഘടനകൾ, അല്മായ ഫോറങ്ങൾ എന്നിവയിലൂടെയാണ്. ഈ സംഘടനകളെ ശക്തിപ്പെടുത്താനും അവയിലൂടെ സാമൂഹ്യനീതി നേടിയെടുക്കാനും ശ്രമിക്കണം. ഇടവകയിലെ എല്ലാ സംഘടനകളും മുഴുവൻ അംഗങ്ങളെയും ഇതിൽ പങ്കെടുപ്പിക്കണം. അതിനാവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടിത്തന്നെ ചെയ്യണം.

ഏറ്റവും അർത്ഥവത്തായ ഒരു സമുദായദിനാഘോഷം നടത്താൻ നമുക്കൊരുമിച്ച് പരിശ്രമിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!
സ്നേഹപൂർവ്വം
കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി

**സൂസപാക്യം എം.**
കെ.ആർ.എൽ.സി.സി
അദ്ധ്യക്ഷൻ
തിരുവനന്തപുരം
മെത്രാപ്പോലീത്ത

**✝ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**
*വിജയപുരം മെത്രാൻ*

കോട്ടയം
12.11.2018

*NB:* ഈ വിജ്ഞാപനം 2018 ഡിസംബർ 2-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

# ചെറുതാകലിന്റെ പുണ്യദിനങ്ങൾ

ബ്രദർ. ടോണി മുട്ടൂർ



ഒറ്റപ്പെടലിന്റെ നിമിഷങ്ങളിൽ നമ്മുടെ ഉള്ളിന്റെയുള്ളിൽ 'മകനേ ഞാൻ നിന്റെ കൂടെയുണ്ട്' എന്ന് ആരോ മന്ത്രിക്കുന്നതായി നിങ്ങൾക്ക് തോന്നാറുണ്ടോ? അതാണ് നമ്മുടെ സ്രഷ്ടാവിന്റെ മഹനീയ സ്വരം. വിശന്നിരുന്ന് ഭക്ഷണം കഴിക്കുമ്പോഴാണ് ഭക്ഷണത്തിന്റെ മാഹാത്മ്യം മനസ്സിലാകുന്നത്. സുഖഭോഗങ്ങളിൽ കഴിയുന്ന മനുഷ്യന് ഒരിക്കലും ദൈവികസ്വരം ശ്രവിക്കുവാനോ, അതിന്റെ മാഹാത്മ്യം മനസിലാക്കുവാനോ സാധിക്കില്ല. സ്വാർത്ഥതയുടെ മനം പേറി നടന്നു നീങ്ങുന്നവർക്ക് 'അപരന്റെ ജീവിതം' തങ്ങളുടെ മണിമാളികകൾക്ക് അപ്പുറം വേലികെട്ടിതിരിച്ചിരിക്കുന്ന ഒരു ചെറുകുടിൽ മാത്രമായിരിക്കും. നാം ഓർക്കണം അങ്ങനെ ഒരു ചെറുകുടിലിലാണ് ആദ്യമായി രക്ഷകനെക്കുറിച്ചുള്ള ദൈവീക സ്വരമെത്തിയത്. ഗലീലിയിലെ നസ്രത്ത് എന്ന പട്ടണത്തിലെ കന്യകയായ മറിയത്തിന്റെ കുടിലായിരുന്നു അത്. അവിടെ നിന്നും ആ ദൈവികസ്വരം മറിയത്തിലൂടെ മലമ്പ്രദേശത്തേക്ക് യാത്രയായി. എലിസബത്തിനെ സന്ദർശിക്കുവാൻ. പിന്നീട് യൂദയായിലെ ബത്‌ലഹേമിൽ ഒരു കാലിത്തൊഴുത്തിൽ പച്ചയായ ദൈവീകസ്വരം ശ്രവ്യമായി. വീണ്ടും ദൈവിക സ്വരം കടന്നുചെല്ലുന്നത് തെരുവീഥികളിലും മരുഭൂമിയിലും ആരോരുമില്ലാത്തവരിലേക്കുമൊക്കെയാണ്. മനം നോവുമ്പോൾ പ്രകടമാവുന്ന രൂപമാണ് നയനത്തിലുണ്ടാവുന്ന നനവ്. നനയുന്ന ജീവിതങ്ങളെയും എരിയുന്ന ഹൃദയങ്ങളെയും സാന്ത്വനപ്പെടുത്തുവാൻ ശ്രവിക്കുവാൻ ആത്മീയമായ ശ്രവണശക്തി നാം നേടിയേതീരു. വിറങ്ങലിപ്പിക്കുന്ന ജീവിതങ്ങളുടെ ഹൃദയങ്ങളിലെരിയുന്ന നെരിപ്പോടുകളെ ശമിപ്പിക്കാനുള്ള ശക്തി നിനക്ക് ലഭിക്കുന്നത് ദൈവീകസ്വരത്തിൽ നിന്നാണ്. ദൈവത്തിന്റെ സ്വരമാണ് തിരുവചനം, പാറയെ തകർക്കുന്ന കൂടവും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറുകയും ചെയ്യുന്ന

ജീവസുറ്റ വചനം. സ്വാർത്ഥതയിലും മാത്സര്യബോധത്തിലും സുഖഭോഗങ്ങളിലും പൂട്ടപ്പെട്ടിരിക്കുന്ന നമ്മുടെ കാതുകളെ സ്വതന്ത്രമാക്കുവാൻ നാം കഠിനമായി പരിശ്രമിക്കണം. യേശുനാഥന്റെ ജനനത്തിരുനാൾ അനുസ്മരിക്കുവാനായി നാം തയ്യാറെടുക്കുന്ന 25 ദിനങ്ങൾ ഇതിനായി നാം മാറ്റിവയ്ക്കണം. പുണ്യപ്രവൃത്തികൾ ചെയ്ത് ദൈവത്തിന്റെ ആഹ്വാനങ്ങൾ മനസ്സിലാക്കി നാം ജീവിക്കണം. "താണ നിലത്തേ നീരോടു, അവിടേ ദൈവം തുണയുള്ളൂ." എന്നൊരു പഴഞ്ചൊല്ല് അറിയാമല്ലോ. എളിമയെന്ന പുണ്യത്തിന്റെ വക്താക്കളായി നാം മാറണം. എളിമയുള്ള വ്യക്തികൾക്കേ അനുസരിക്കുവാൻ സാധിക്കൂ. എളിമയുടെ ഉദാത്തമായ ഉദാഹരണങ്ങളാണ് പരി. കന്യകാമറിയവും, വി. യൗസേപ്പിതാവുമൊക്കെ. എളിമ അഭ്യസിക്കുന്നവർക്കാണ് അപരനെ ശ്രവിക്കുവാൻ സാധിക്കുന്നത്. കല്ലുകൾ തമ്മിൽ ഉരസിയപ്പോൾ തീ ഉണ്ടായതുപോലെ അപരന്റെ ജീവിതത്തിലെ സങ്കടവും നിന്റെ ജീവിതവും തമ്മിൽ ഉരസുമ്പോൾ അവിടെ നിന്നും ദൈവീക സ്വരം പുറപ്പെടും. അവിടെ മനുഷ്യന്റെ നയനങ്ങൾക്ക് അതീതമായ കാര്യങ്ങൾ ദർശിക്കുവാൻ സാധിക്കും. പരി. കന്യകാമറിയത്തെ ഗബ്രിയേൽ മാലാഖ സന്ദർശിച്ചതിനുശേഷം ഒത്തിരിവേദനകൾ അമ്മ സഹിക്കേണ്ടി വന്നിട്ടുണ്ട്. അപ്പോൾ യൗസേപ്പിതാവ് തന്റെ ജീവിതം അമ്മയുടെ വേദനയുമായി ചേർത്തുവച്ചു. അങ്ങനെ ലോകരക്ഷകനെ ദർശിക്കുവാൻ അവർക്ക് ഭാഗ്യമുണ്ടായി. വിശുദ്ധ സുവിശേഷത്തിൽ നമ്മൾ കാണുന്നുണ്ട് കുറെ ആളുകൾ ചേർന്ന് അന്ധനായ ഒരു മനുഷ്യനെ യേശുവിന്റെ അടുക്കൽ സുഖപ്പെടുത്തുവാനായി കൊണ്ടുവരുന്നത്. അന്ധന്റെ വേദന മനസ്സിലാക്കിയ മനുഷ്യർ അവരുടെ ജീവിതം ഇവനുവേണ്ടി മാറ്റിവച്ച് യേശുവിനെ അന്വേഷിച്ചിറങ്ങുന്നു. അപ്പോൾ അവിടെ ദൈവീക സ്വരം ശ്രവ്യമാകുന്നു. അന്ധൻ സുഖപ്പെടുന്നു. ക്രിസ്തുനാഥന്റെ ജനനത്തിരുനാളിനായി ഒരുങ്ങുന്ന, മഞ്ഞുവീഴുന്ന ഈ ദിവസങ്ങളിൽ അപരന്റെ വേദന നിറഞ്ഞ ജീവിതത്തിൽ യേശുവിന്റെ സ്വരം നമുക്ക് ശ്രവ്യമാക്കികൊടുക്കാം. തണുത്തുറഞ്ഞ ജീവിതത്തിൽ നിന്ന് മനുഷ്യരെ രക്ഷിക്കാം. നക്ഷത്രം ജ്ഞാനികൾക്ക് വഴികാട്ടിയതുപോലെ നമുക്ക് ക്രിസ്തുവിലേക്കുള്ള വഴികാട്ടികളാകാം. ■

## പരേതരെ സ്മരിക്കാം – ഡിസംബർ

| | | |
|---|---|---|
| 6 | (2006) | Fr. Augustine Pinheiro |
| 8 | (1957) | Fr. George Thekkumpura |
| 12 | (1935) | Fr. Fulgentius OCD |
| 23 | (1935) | Fr. Francis Xavier OCD |
| 23 | (1998) | Fr. Peter Mundackal |
| 27 | (1954) | Fr. Salustine OCD |
| 29 | (2006) | Fr. Stanley Xavier |
| 31 | (1988) | Fr. Joseph Kachappilly |

# ക്രിസ്തുമസ്

ലിജോ പുതുച്ചിറ, എരുമേലി



ഒരു വർഷത്തെ കാത്തിരിപ്പിനു ശേഷം വീണ്ടുമൊരു ക്രിസ്മസ്കാലം കൂടി സമാഗതമാവുകയാണ്. ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ തിരുപ്പിറവിക്ക് ഒരുക്കമായി നോമ്പ് അനുഷ്ഠിച്ചും കാരുണ്യപ്രവർത്തികൾ ചെയ്തും തിരുസഭാമക്കൾ ആരാധനക്രമത്തിലെ ആഗമനകാലത്തിലൂടെ കടന്നുപോകുകയാണിപ്പോൾ. ലോകചരിത്രത്തെ എ.ഡി. യെന്നും ബി.സി.യെന്നും രണ്ടായി വിഭജിക്കാൻ കാരണമായ വീരപുരഷന്റെ ജന്മദിനം– ക്രിസ്മസ്, ലോകത്തിലെ സകലജനതകളുടെയും രക്ഷയ്ക്കായി പിറവിയെടുത്ത യേശുനാഥന്റെ പിറവത്തിരുനാൾ ലോകംമുഴുവൻ അനുസ്മരിക്കുമ്പോൾ നമ്മുടെ ഹൃദയത്തിലും. ഉണ്ണിയേശു പിറക്കണം. ഓരോ ക്രിസ്തുമസും വന്നണയുമ്പോൾ ശ്രദ്ധിക്കപ്പെടേണ്ട പല വിചിന്തനങ്ങളും ബാഹ്യമായ ആഘോഷങ്ങളിൽ മാത്രം ഒതുങ്ങിപ്പോകുന്നത് സങ്കടകരമാണ്. യേശുവിന്റെ ജനനത്തെക്കുറിച്ചുപറയുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യം മറിയം ഗർഭിണിയായത് പരിശുദ്ധാത്മാവിനാലാണ് എന്നതാണ്. മറിയത്തിന്റെ ജീവിതവിശുദ്ധിയാണ് ദൈവപുത്രന് ഭൂജാതനാകുവാൻ അവൾ പ്രത്യേകം തിരഞ്ഞെടുക്കപ്പെടുവാൻ കാരണമായത്. മറിയത്തിന്റെ വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്ന സമയത്താണ് ഇത് സംഭവിച്ചത്. അവളുടെ ഭർത്താവ് ജോസഫ് നീതിമാൻ ആയിരുന്നതുകൊണ്ടും അവളെ അപമാനിക്കാൻ ആഗ്രഹിക്കാത്തതുകൊണ്ടും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു. എന്നാൽ കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ദൈവികപദ്ധതിയെക്കുറിച്ച് വെളിപ്പെടുത്തൽ നൽകിയപ്പോൾ അതനുസരിച്ചാണ് ജോസഫ് പിന്നീടു പ്രവർത്തിച്ചത്.



ഇന്നത്തെ മനുഷ്യൻ എത്രമാത്രം വിശുദ്ധിയോടെ ജീവിക്കുന്നുവെന്ന് നാമോരുരുത്തരും വിചിന്തനം ചെയ്യണം. പരിശുദ്ധാത്മാവിന്റെ ആലയമാണ് തങ്ങളുടെ ശരീരമെന്ന് കൗമാരപ്രായക്കാർ പ്രത്യേകിച്ചും തിരിച്ചറിയുന്നില്ല. വിവാഹജീവിതത്തിനു മുൻപുതന്നെ തങ്ങളുടെ പരിശുദ്ധി നഷ്ടപ്പെടുത്തി പാപാവസ്ഥയിലാവുന്നവർ കന്യകാമറിയത്തിന്റെ പരിശുദ്ധിയിലേക്കു നോക്കണം. അശുദ്ധിയുടെ ഒരു ചെറിയകണികയ്ക്കു

പോലും ദൈവസന്നിധിയിൽ സ്ഥാനമില്ലെന്നറിയുക. ഗർഭഛിദ്രം പോലുള്ള മാരകമായ പാപങ്ങൾക്ക് അടിമപ്പെട്ടു പോകുന്നവരും ഓർക്കുക, മനുഷ്യനിലേക്ക് ജീവൻ പകരുന്നത് ദൈവമാണ്. ആ ദൈവിക ജീവന്റെ പങ്കാളിയാകാനാണ് ദൈവം നമ്മെ ക്ഷണിച്ചിരിക്കുന്നത്. എന്നാൽ മനുഷ്യൻ തന്നെ ദൈവികജീവന്റെ ഘാതകരാകുമ്പോൾ ദൈവത്തിനു നാം നൽകുന്ന പ്രാധാന്യമെന്തെന്ന് അതുകൊണ്ടുതന്നെ വെളിവാക്കപ്പെടുന്നു.

മാതാപിതാക്കളാണ് മക്കളുടെ മാതൃകകൾ ആകേണ്ടവർ. അവരുടെ ജീവിതം ദൈവഹിതപ്രകാരം അല്ലാതെയാകുമ്പോൾ വളർന്നുവരുന്ന മക്കൾക്ക് സ്വഭാവവൈകല്യം ഉണ്ടാവുന്നു. ആ സമയത്ത് വൈദികരെയും ധ്യാനഗുരുക്കന്മാരെയും സന്ദർശിച്ചിട്ടും കൗൺസിലിംഗ് നടത്തിയിട്ടും എന്തു പ്രയോജനം? മാതാപിതാക്കന്മാരുടെ ജീവിതവിശുദ്ധിക്കുള്ളിലാണ് അവർ തങ്ങളുടെ കുഞ്ഞുങ്ങൾക്ക് ജന്മം നൽകേണ്ടത്. ഇതിനു മാതൃകയാണ് നസ്രത്തിലെ തിരുക്കുടുംബം.

ഓരോ ക്രിസ്മസും തന്നിലേക്കുതന്നെ തിരിയാനും കുറവുകൾ കണ്ടെത്തി പരിഹരിക്കാനും സർവോപരി ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളരാനും വിശുദ്ധിയെന്ന പുണ്യം കാത്തുസൂക്ഷിക്കാനും നമ്മെ ഉദ്ബോധിപ്പിക്കുന്നു. അപ്രകാരം ജീവിക്കാൻ ശ്രമിച്ചെങ്കിൽ മാത്രമേ നമ്മുടെ ഹൃദയത്തിലും ഉണ്ണിയേശു പിറക്കൂ. സ്വർഗീയദൂതന്മാരോടൊപ്പം നമുക്കും ദൈവത്തെ സ്തുതിക്കാം, 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം' (ലൂക്കാ 2:14). ■

# വിജയപുരത്തിന്റെ വിമലാംബിക

ലിജോ പുതുച്ചിറ, എരുമേലി





വിജയപുരത്തിൻ നാഥയായി
വിമലഗിരിയിൽ വാഴും ധന്യേ
വിമലാംബികയേ നിത്യം നീ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായി
മിഴിനീരാൽ അണയും വിശ്വാസികൾക്ക്
അഭയമേകിടും പരിശുദ്ധയമ്മേ
വിജയപുരത്തിനായി പ്രാർത്ഥിക്കണേ
രൂപതാദ്ധ്യക്ഷനും കൃപയേകണേ.
എന്നുടെയമ്മേ വിമലാംബികയേ
വിജയപുരത്തിനു മാദ്ധ്യസ്ഥമേ
വൈദിക സന്യസ്ത സന്യാസിനികളെ
ആത്മീയപാതയിൽ നയിക്കേണമേ
ലോകമോഹങ്ങളിൽ വലയും നീ
മക്കളെയെല്ലാം ഓർത്തിടണേ

പാപകയത്തിൽ വീഴാതെ ഞങ്ങളെ
നിർമ്മലമായി കാക്കേണമേ
ഞങ്ങൾ തൻ കടങ്ങൾ പൊറുക്കുവാനായി
കർത്താവിൻ മാദ്ധ്യസ്ഥ്യം വഹിക്കേണമേ
നിൻ തിരുസുതനാം യേശുവിൻ സവിധേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണേ
അനവധിയാകും അർത്ഥനയെല്ലാം
അമ്മേ നീയെന്നും അറിയുന്നല്ലോ
പരമപിതാവിൻ സന്നിധിനിന്നൂടെ
മക്കൾ ഞങ്ങൾക്കായി പ്രാർത്ഥിക്കണേ



# എനിക്കായുടഞ്ഞുനീ

അലക്സാണ്ടർ നെടുമ്പറമ്പിൽ, പൂവം

എനിക്കായുടഞ്ഞുനീ
പൊടിഞ്ഞഹോ ശൂന്യനായ്
ദീപ്തിയേറും വെള്ളയപ്പമായ്
ഈ അൾത്താരയിൽ
ഈസക്രാരിയിൽ- രാപകൽ
വാണിടും യഹൂദരാജനേ
നസ്രായനേശുവേ
നിത്യ സത്യഭോജ്യമേ ആരാധന, എനി.....

യുഗാന്തം വരെയുമെൻ-
കൂടെയായിരിക്കുവാൻ
ദൈനംദിനവുമെന്റെ
പ്രാതലാകുന്നു നീ (2)

നാവിലലിഞ്ഞുനീയെൻ
മേനിയിൽ ലയിച്ചിടുന്നു
ഞാനുമായ്- ഒന്നായ് ചേരുവാനായ്
ലോലമായ് - സ്നേഹമായ് - ജീവനായ്
മാറിടുന്നൊരപ്പമേ
നിത്യസത്യഭോജ്യമേ ആരാധന. എനി...

നിന്റെ രാജാങ്കണത്തിൽ
നിന്നുനിൻ കീർത്തനങ്ങൾ
പാടുവാനീയേഴഞാ-
നയോഗ്യനെങ്കിലും പ്രഭോ (2)

കാനാൻകാരി സ്ത്രീയുടെ
വിശ്വാസയോഗ്യതയിൽ
ബന്ധനം മാറ്റി, യേശുവേ നീ
ആകയാൽ- ആവഴിത്താരയിൽ
പാന്ഥനാമൊരെന്നെയും
യോഗ്യനാക്കുമല്ലോ നീ- ആകയാൽ
നിത്യസത്യഭോജ്യമേ ആരാധന എനി..

# ഇടവക വാർത്തകൾ

## ബി.സി.സി. പരിശീലന പരിപാടി – പട്ടിത്താനം

പട്ടിത്താനം സെന്റ് ബോനിഫസ് ഇടവകയിൽ നേതൃത്വ പരിശീലനപരിപാടി നടത്തി. വിവിധ ബി.സി.സി. യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 236 പേർ പങ്കെടുത്ത പ്രോഗ്രാം ഫൊറോനാവികാരി വെരി.റവ.ഫാ. സ്റ്റീഫൻ പുത്തൻപറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ചാൻസലറും രൂപതാ ബി.സി.സി. ഡയറക്ടറുമായ വെരി റവ.മോൺ ജോസ് നവസ് ക്ലാസുകൾക്ക് നേതൃത്വം നല്കി. ഗ്രൂപ്പു തിരിച്ചുള്ള ചർച്ചകളും അവയുടെ റിപ്പോർട്ട് അവതരണവും അംഗങ്ങൾക്ക് ആവശ്യമായ അറിവുകൾ നല്കി. രാവിലെ 9.30 ന് ദിവ്യബലിയോടുകൂടി ആരംഭിച്ച് വൈകുന്നേരം 4.30 ന് പര്യവസാനിച്ചു. ഇടവക സമിതി സെക്രട്ടറി ശ്രീ. ലാലു സെബാസ്റ്റ്യൻ വെള്ളാരംകാലായിൽ ഏവർക്കും കൃതജ്ഞത അർപ്പിച്ചു.

## വി.ചാൾസ് ബൊറോമിയോ ദിനാചരണം – കുമരകം



നവംബർ 4 ഞായർ മതാധ്യാപകരുടെ മദ്ധ്യസ്ഥനായ വി. ചാൾസ് ബോറോമിയോയുടെ തിരുനാൾ കുമരകം സെന്റ് പീറ്റേഴ്സ് ഇടവകയിൽ ആഘോഷിച്ചു. അന്നേ ദിവസം ദിവ്യബലിക്കു മതാധ്യാപകർ നേതൃത്വം നൽകി. ദിവ്യബലിക്കുശേഷം നടന്ന പൊതുസമ്മേളനം ഇടവക വികാരി റവ.ഫാ. മാത്യു സുഭാഷ് വ്യാക്കഴയുടെ അധ്യക്ഷതയിൽ ചേർന്നു. പി.റ്റി.എ. കൺവീനർ ശ്രീ. സുരേഷ് ഉമ്മാച്ചേരിത്തോപ്പിൽ സ്വാഗതവും ഇടവക സമിതി അംഗങ്ങളായ ശ്രീ. ബിജു കൊച്ചുപറമ്പ്, ശ്രീ. ഷാർളിൻ പീറ്റർ കുറ്റിക്കാട്ടിൽ, വിദ്യാർത്ഥി പ്രതിനിധ കുമാരി അൽഫോൻസ എന്നിവർ ആശംസകളും അർപ്പിച്ചു. പി.റ്റി.എ അംഗങ്ങളുടെ നേതൃത്വത്തിൽ എല്ലാ അധ്യാപകർക്കും സ്നേഹോപഹാരങ്ങൾ നല്കി.

# മതാധ്യാപകദിനാചരണം- പട്ടിത്താനം



പട്ടിത്താനം സെ. ബോനിഫസ് മത ബോധന യൂണിറ്റ് നവംബർ 4-ാം തീയതി വി. ചാൾസ് ബെറോമിയോ ദിനം മതബോധനദിനമായി ആചരിച്ചു. അന്നേ ദിവസം മതാധ്യാപകർ വി. കുർബാനയ്ക്കു നേതൃത്വം നൽകി. പ്രവേശനാരംഭത്തിൽ യൂണിഫോം ധരിച്ച അധ്യാപകർ പ്രവേശന പ്രദക്ഷിമത്തിൽ മുൻനിരയിൽ അണിനിരന്നു. ആമുഖ പ്രസംഗത്തിൽ മതാധ്യാപകദിനത്തിന്റെ പ്രാധാന്യത്തെ ആസ്പദമാക്കി ബ. സ്റ്റീഫനച്ചൻ ഇടവക ജനത്തിന് ബോധ്യം നൽകി. വി. ഗ്രന്ഥ വായന, പ്രാർത്ഥന, സ്തോത്രക്കാഴ്ച, കാഴ്ചവെയ്പ്പ് എന്നിവയ്ക്ക് അധ്യാപകർ നേതൃത്വം നൽകി. വി. കുർബാനയ്ക്കു ശേഷം പി.റ്റി.എ.യുടെ നേതൃത്വത്തിൽ അധ്യാപകർക്ക് ആദരവ് നൽകുകയും ബ. വികാരിയച്ചൻ അധ്യാപകർക്ക് ഉപഹാരങ്ങൾ കൈമാറുകയും ചെയ്തു. KIDS മുതൽ 12 വരെയുള്ള ക്ലാസിലെ ലീഡേഴ്സ് വരിവരിയായി വന്ന് അവരുടെ അധ്യാപകർക്ക് വെള്ള റോസാപ്പൂക്കൾ കൈമാറി ആദരവ് പ്രകടമാക്കി. തുടർന്ന് അധ്യാപകർക്ക് മതബോധന ക്ലാസുകൾക്കുശേഷം സ്നേഹവിരുന്നും നൽകി.

## അഭിനന്ദനങ്ങൾ



കടുത്തുരുത്തി

**സബ്ജില്ലാതലമത്സരം**- സബ് ജൂനിയർ ഗേൾസ് ലോംങ്ജപ് 2-ാം സ്ഥാനം. 80 മീറ്റർ ഹർഡിൽസ് -1-ാം സ്ഥാനം. പാലാ ജില്ലാതലമത്സരം. സബ് ജൂനിയർ ഗേൾസ് ലോംങ്ജപ് 2-ാം സ്ഥാനം. 80 മീറ്റർ ഹർഡിൽസ് -4-ാം സ്ഥാനം. തിരുവനന്തപുരം. സംസ്ഥാനതല മത്സരം: സബ് ജൂനിയർ ഗേൾസ് ലോംങ്ജംപ് 9-ാം സ്ഥാനം

എളംപള്ളിപറമ്പിൽ തങ്കച്ചന്റെയും മേരിയുടെയും മകൾ **സുധീന ഇ.റ്റി**.- പട്ടിത്താനം സെന്റ് ബോനിഫസ് ഇടവകാംഗമാണ്.



എലിക്കുളം, മടുക്കക്കുന്ന് ലിറ്റിൽ ഫ്ളവർ ഇടവക കണ്ടപ്ലാക്കൽ ലോറൻസിന്റെയും ആലീസിന്റെയും മകൾ **ശാലു അന്ന ലോറൻസ്.** കോഴിക്കോട് ഗവ. ലോകോളേജിൽ നിന്നും ത്രിവത്സര നിയമപഠനം (2014-17) പൂർത്തിയാക്കി. എറണാകുളം ഹൈക്കോർട്ടിൽ വച്ച് സെപ്തംബർ 16-ാം തീയതി എൻറോൾ ചെയ്തു

## എലിക്കുളം ലിറ്റിൽ ഫ്ളവർ ഇടവകയുടെ സുവർണ്ണ ജൂബിലി





എലിക്കുളം ലിറ്റിൽ ഫ്ളവർ ഇടവകയുടെ സുവർണ്ണ ജൂബിലി (1968-2018) 2018 നവംബർ 1-ാം തീയതി ആഘോഷിക്കുകയുണ്ടായി. ഉച്ചകഴിഞ്ഞ് 3 മണിക്ക് അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേതേച്ചേരിൽ പിതാവ് കൃതജ്ഞതാസ്തോത്രബലിയർപ്പിച്ചു. വികാരി ഫാ. ഗ്രിഗറി കൂട്ടുമ്മേൽ, വെരി. റവ.മോൺ. ഹെൻറി കൊച്ചുപറമ്പിൽ, ഫാ. ജോസഫ് ബാബു പൂവത്തുങ്കൽ, ഫാ. തോമസ് പഴവകാട്ടിൽ, ഫാ. മൈക്കിൾ വലയിഞ്ചിയിൽ എന്നിവർ സഹകാർമ്മികരായിരുന്നു. കഴിഞ്ഞ അരനൂറ്റാണ്ടുകാലം ദൈവം നല്കിയ എല്ലാ കൃപകൾക്കും നാം അവിടുത്തോട് നന്ദി പറയണം എന്ന് പിതാവ് ഉദ്ബോധിപ്പിക്കുകയുണ്ടായി.

വൈകുന്നേരം 5 മണിക്ക് നടന്ന ജൂബിലി സമ്മേളനത്തിൽ കാഞ്ഞിരപ്പള്ളി രൂപതാ സഹായമെത്രാൻ അഭിവന്ദ്യ ജോസഫ് പുളിക്കൽ പിതാവ് അദ്ധ്യക്ഷനായിരുന്നു. ശ്രീ കെ.എം. മാണി എം.എൽ.എ സമ്മേളനം ഉദ്ഘാടനം ചെയ്തു.ശ്രീ. ജോസ് ഡോമിനിക്ക് കുരുവിനാക്കുന്നേൽ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, ശ്രീ. സാജൻ തൊടുകയിൽ, ശ്രീമതി സുമംഗലാദേവി എം.പി, ശ്രീ. പ്രദീപ്കുമാർ പി.എൻ, ശ്രീമതി സാലി ബാബു, കുമാരി റോഷിൻ ഷേർലിതോമസ്, ശ്രീമതി ലില്ലി ജോണി, ശ്രീ. മാത്യൂസ് പെരുവിലങ്ങാട്ട്, പ്രൊഫ. അലക്സാണ്ടർ കടുക്കുന്നേൽ, സി. ലൂസി മരിയാ എഫ്. എം.സ്. ശ്രീ. ജോയിക്കുട്ടി തോക്കനാട്ട്, ഡോണിമോൻ സണ്ണി, ശ്രീമതി സിൽവി തോമസ് ഈരൂരിക്കൽ, ശ്രീ. തോമസ് കല്ലൂക്കുന്നേൽ, ശ്രീ. ഫ്രാൻസീസ് കണ്ടപ്ലാക്കൽ എന്നിവർ ആശംസകളർപ്പിച്ചു. ഇടവക സമിതി സെക്രട്ടറി ശ്രീ. ജോസഫ് ജോമോൻ കോട്ടയിൽ ഏവർക്കും കൃതജ്ഞത പ്രകാശിപ്പിച്ചു.

## എലിക്കുളം മടുക്കക്കുന്ന് ചെറുപുഷ്പ ഇടവകയുടെ സുവർണ്ണ ജൂബിലി ഗാനം

**ജെയ്സൺ ജോർജ്ജ്, കണ്ടപ്ലാക്കൽ**

അനർഘസുന്ദരം ദിവസം അമൂല്യമായൊരു സുദിനം
അമ്പതിലേറിയൊരിടവകയോർത്ത്
ആരതി പൊഴുയുന്നീ നിമിഷം അനുഗ്രഹദായക സുരനിമിഷം
മഹിതമാകുമീ ആലയവാതിൽ തുറന്നു സ്വാഗതമോതിടുവാൻ
കരങ്ങൾകോർത്തു പടിവാതിലിൽ
വരുന്നു നന്ദിയോടെ ഞങ്ങൾ
ജൂബിലീ ജൂബിലീ സുവർണ്ണ ജൂബിലി
സുഖദസ്മരണതൻ മലരുകളടരും സുവർണ്ണ ജൂബിലി സുവർണ്ണ ജൂബിലി
നാടിതിന്റെ നാമമേവമീ ധരയിൽ ഓർക്കുവാൻ
നാഥനേകിയൊരു സ്മാരകമീ ആലയം
ആയിരങ്ങളാശയോടെയീ സവിധം പുൽകവേ
സ്നേഹമേകി യേശുവാണിടും ആലയം
മണിമുഴക്കിയും തിരികൊളുത്തിയും
ബലിയണച്ചിടാനാലയമായ്
മിഴിനിറഞ്ഞിടും ജീവിതങ്ങളിൽ
ചിരിപകർന്നൊരാ ആലയമായ്
മടുക്കക്കുന്നിന്റെ മണ്ണിൽ കാലമേറെയായ് നിലകൊൾവൂ
ചെറുപുഷ്പ ദൈവാലയം. (ജൂബിലി)
സ്നേഹദൂതരായി നമ്മളി വഴികൾ പുൽകുവാൻ
യേശുനാഥനണി ചേർത്തവരെന്നോർത്തിടാം
സാക്ഷ്യമേകി യേശുനാമമോ ഭൂവിൽ പകരുവാൻ
സഭയിലേകമനസ്സോടെ പങ്കിടാം സർവ്വവും
സ്വരമുണർത്തിയും കരമുയർത്തിയും
സഭയിലേവ അണിചേർന്നിടുവാൻ
സകലലോകരും അണിനിരന്നിവിടെ
സ്തുതികളേകിടും ഇടവകയായ്
മടുക്കക്കുന്നിന്റെ മണ്ണിൽ കാലമേറെയായ് നിലകൊൾവൂ
ചെറുപുഷ്പ ദൈവാലയം (അനർഘ)



നെടുമുടി മേരിക്യൂൻസ് ഇടവകയിൽ നടന്ന സ്ഥൈര്യലേപന കർമ്മത്തിനു ശേഷം കുട്ടികൾ അഭിവന്ദ്യ പിതാവിനോടൊപ്പം

# അലിവ് – 2018 വാർഷിക സമ്മേളനം – കുറുമുള്ളൂർ



പരിശുദ്ധ ഫ്രാൻസിസ് പാപ്പായുടെ ലോക ദരിദ്രരുടെ ദിനപ്രഖ്യാപനത്തിന്റെ അനുസ്മരണാർത്ഥം വിശക്കുന്ന വയറിന് ഒരു പൊതി എന്ന ലക്ഷ്യത്തോടെ കുറുമുള്ളൂർ സെന്റ് മേരീസ് ഇടവകയിൽ 19-11-2017 ൽ ആരംഭിച്ച 'അലിവ്' പദ്ധതിയുടെ ഒന്നാം വാർഷികം 19-11-2018-ൽ നടത്തപ്പെട്ടു. ബഹുമാനപ്പെട്ട കോട്ടയം ഡപ്യൂട്ടി കളക്ടർ ശ്രീമതി പ്രേമലത പി.പി.യുടെ മഹനീയ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ ശ്രീ. ജോസ് ചാത്തനാട്ട് സ്വാഗതം ആശംസിച്ചു. പി.ഡി.സി. സെക്രട്ടറി ശ്രീ. ഫ്രാൻസിസ് പനമ്പിക്കുന്നേൽ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. വികാരി റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലി അദ്ധ്യക്ഷ പ്രസംഗം നടത്തി. തുടർന്ന് കോട്ടയം ഡപ്യൂട്ടി കളക്ടർ ശ്രീമതി പ്രേമലത പി.പി., ശ്രീ. അരുൺകുമാർ തച്ചേട്ടുപറമ്പ് കോളനിക്ക് നിത്യോപയോഗ വസ്തുക്കൾ അടങ്ങിയ കിറ്റ് നൽകികൊണ്ട് വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു. നീണ്ടൂർ പഞ്ചായത്ത് 1-ാം വാർഡ് മെമ്പർ ശ്രീ. തോമസ് കുട്ടി കോളപ്രമ്പായിൽ, മാഞ്ഞൂർ പഞ്ചായത്ത് മെമ്പർ ശ്രീ. ബിനോയ് ഇമ്മാനുവേൽ, പാരിഷ്കൗൺസിൽ സെക്രട്ടറി ശ്രീ. സിബി തൈപറമ്പിൽ, ശ്രീ. മാത്യു മൂഴിപ്പറമ്പിൽ എന്നിവർ യോഗത്തിൽ ആശംസകളർപ്പിച്ചു. പി.ഡി.സി. വൈസ്പ്രസിഡന്റ് ശ്രീ. സി.പി. തോമസിന്റെ കൃതജ്ഞതാർപ്പണത്തോടെ യോഗം സമംഗളം പര്യവസാനിച്ചു. തുടർന്ന് ജാതിമതഭേദമന്യേ ഇടവകയുടെ പരിധിയിൽപ്പെട്ട നിർദ്ധനരായ 50 കുടുംബങ്ങൾക്ക് കിറ്റ് വിതരണം നടത്തുകയും ഉച്ചഭക്ഷണം നൽകുകയും ചെയ്തു.

## മതാദ്ധ്യാപകദിനം

കുറുമുള്ളൂർ സെന്റ് മേരീസ് ചർച്ച് ഇടവകയിൽ മതാദ്ധ്യാപകദിനം ആചരിച്ചു. ഒരുമയുടെ പ്രതീകമായി വെള്ള വസ്ത്രങ്ങൾ ധരിച്ച് ജ്വലിക്കുന്ന ദീപവുമായി റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിയുടെ നേതൃത്വത്തിൽ മതാദ്ധ്യാപകർ ദിവ്യബലിക്കായ് പ്രവേശിച്ചു. മതാദ്ധ്യാപകനായ വി. ചാൾസ് ബറോമിയെക്കുറിച്ചു ദിവ്യബലിയിൽ വികാരിയച്ചൻ കുട്ടികൾക്ക് പറഞ്ഞുകൊടുത്തു. അന്നേ ദിവസത്തെ ദിവ്യബലിക്കും അസംബ്ലിക്കും നേതൃത്വം വഹിച്ചത് മതാദ്ധ്യാപകരാണ്. വിദ്യാർത്ഥികൾ ചേർന്ന് ഈ ദിനത്തിന്റെ മംഗളങ്ങൾ അദ്ധ്യാപകർക്ക് ആശംസിക്കുകയും ചെയ്തു.

## ദീപ്തി സ്പെഷ്യൽ സ്കൂൾ സന്ദർശിച്ചു – കുമരകം



കുമരകം സെന്റ് പീറ്റേഴ്സ് മതബോധന അദ്ധ്യാപകർ മതാധ്യാപക ദിനത്തോട് അനുബന്ധിച്ച് മുഹമ്മ ദീപ്തി സ്പെഷ്യൽ സ്കൂൾ സന്ദർശിച്ചു. അധ്യാപകർ അവിടുത്ത കുട്ടികൾക്കുവേണ്ടിയും കുട്ടികൾ അദ്ധ്യാപകർക്കുവേണ്ടിയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് കുട്ടികളും അധ്യാപകരും ഒരുമിച്ച് സ്നേഹവിരുന്നിൽ പങ്കുചേർന്നു. ബഹു. മാത്യുസുഭാഷ് അച്ചനും ബ്രദർ ജീബിനും ഈ സ്നേഹകൂട്ടായ്മയ്ക്ക് നേതൃത്വം നല്കി.




## ജന്മദിനാശംസകൾ

01 Fr.Francis Nedumparambil
11 Fr.Sebastian Raju Plathottam
17 Fr.Joseph Vattamakkil
19 Fr.Chacko Kannanthara
19 Fr.Thomas Thachilady
19 Fr.Yesudas Choondassery
27 Fr. issac Anchil
27 Fr.Joseph Tharayil
28 Fr. Augustine P. Asir
31. Fr. Silvester Madhavassery

**ഡിസംബർ**

# യുവജനവർഷ വാർത്തകൾ



മൂവാറ്റുപുഴ സോണിൽ യുവജനങ്ങൾക്കായി നടത്തിയ സെമിനാർ ബ്ര. അഭിലാഷ് ക്ലാസ് എടുത്തു.

മൂവാറ്റുപുഴ മേഖല യുവജനസംഗമം 'Renatus 2018'നവംബർ മാസം 11-ാം തീയതി പെരുമ്പാവൂർ സെന്റ് ജോർജ് ഇടവകയിൽ വച്ച് നടത്തപ്പെട്ടു. മൂവാറ്റുപുഴ മേഖല യൂത്ത് ഡയറക്ടർ ഫാ. ജിസ് ആനിക്കൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പെരുമ്പാവൂർ സെന്റ് ജോർജ് ഇടവക വികാരി ഫാ. ഫ്രാൻസിസ് നെടുംമ്പറമ്പിൽ 'Renatus 2018' ഉദ്ഘാടനം ചെയ്തു. ശ്രീ. ചാൾസ് ആന്റണി ആശംസയർപ്പിച്ചു. കുമാരി ജിയോഥിൻ ജോർജിയോ എല്ലാവർക്കും നന്ദി അർപ്പിച്ചു. തുടർന്ന് ശ്രീ. അഭിലാഷ് അറയ്ക്കൽ ക്രിസ്തു കേന്ദ്രീകൃത വ്യക്തിത്വ വികസന ക്ലാസ് നയിച്ചു. ഈ യുവജന സംഗമത്തിൽ ഫൊറോനായിലെ എല്ലാ ഇടവകകളിൽ നിന്നുമായി 140 യുവ ജനങ്ങൾ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഫൊറോനോയിലെ എല്ലാ വൈദികരും ചേർന്ന് ദിവ്യബലി അർപ്പിച്ചു.



യുവജനവർഷം 2018 കോട്ടയം ഫൊറോനയുടെ കീഴിൽ കുറിച്ചി സെന്റ് സേവ്യഴ്സ് പാക്കിൽ സെന്റ് തെരേസാസ് പള്ളികൾ ഒരുമിച്ചു കുറിച്ചി പള്ളിയിൽ വെച്ച് നടന്ന സെമിനാർ കെ.സി.വൈ.എം. വിജയപുരം രൂപതാ ഡയറക്ടർ ഫാ. ജോൺ വിയാനി ഉദ്ഘാടനം ചെയ്തു.



കെ.സി.വൈ.എം. പട്ടിത്താനം മേഖലയുടെ യുവജനവർഷാചരണ സമാപനം നവംബർ 11ന് പട്ടിത്താനം സെന്റ് ബോനിഫസ് ദൈവാലയത്തിൽ നടന്നു. ഉത്ഘാടന സമ്മേളനം മേഖല പ്രസിഡന്റ് അരുൺ തോമസ് അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. സേവ്യർ മാമ്മൂട്ടിൽ സ്വാഗതം ആശംസിച്ചു. കെ. സി.വൈ.എം. വിജയപുരം രൂപത ഡയറക്ടർ ഫാ. ജോൺ വിയാനി ഉദ്ഘാടനം ചെയ്തു. തുടർന്ന് ഫാ. ഡൊമിനിക് എസ്.ബി.ഡി. ക്ലാസ് നയിച്ചു.

## ക്വയർ മത്സരം
## തോപ്രാംകുടി ഇടവകയ്ക്ക് ഒന്നാംസ്ഥാനം

ആർച്ച് ബിഷപ്പ് കൊർണേലിയൂസ് ഇലഞ്ഞിക്കലിന്റെ സ്മരണാർത്ഥം രൂപത നടത്തിയ 7-ാമത് ദൈവാലയ സംഗീത മത്സരത്തിൽ തോപ്രാംകുടി സെന്റ് ജോസഫ് ഇടവക വിജയം നേടി എവർ റോളിംഗ് ട്രോഫി കരസ്ഥമാക്കി. ഒന്നാം റണ്ണർ അപ്പായി ചങ്ങനാശ്ശേരി മേരി മൗണ്ട് ഇടവകയും രണ്ടാം റണ്ണർ അപ്പായി പട്ടിത്താനം സെന്റ് ബോനിഫസ് ഇടവകയും ജേതാക്കളായി.

ബിഷപ്പ് പീറ്റർ തിരുത്തിക്കോണം മെമ്മോറിയൽ പ്രസംഗമത്സരത്തിൽ ചപ്പാത്ത് സെന്റ് ആന്റണീസ് ഇടവകയിലെ അനീറ്റ പി. സ്റ്റാലിൻ ഒന്നാം സ്ഥാനവും പൊടിമറ്റം സെന്റ് ജോസഫ് ഇടവകയിലെ ടെസി ബെന്നി, പൂവം സെന്റ് ജോസഫ് ഇടവകയിലെ ഇമ്മാനുവേൽ എന്നിവർ രണ്ടാം സ്ഥാനവും ചിത്തിരപുരം നിത്യസഹായമാതാ ഇടവകയുടെ അഭിഷിക്ത് ആൽബി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. രൂപതയിലെ വിവിധ ഫൊറോനാകളിൽ നടന്ന മേഖലാ മത്സരങ്ങളിൽ വിജയിച്ചവരാണ് രൂപതാതല മത്സരങ്ങളിൽ പങ്കെടുത്തത്.

ഇതോടനുബന്ധിച്ചു വിമലഗിരി പാസ്റ്ററൽ സെന്ററിൽ നടന്ന സമ്മേളനത്തിൽ വച്ച് അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിൽപറമ്പിൽ, റവ.സി. മേരി ജ്യോതിസ് എന്നിവർ പ്രസംഗിച്ചു.

# സംഘടനാ വാർത്തകൾ

## കുമളി ലൂർദ്ദ്മാതാ കോൺഫറൻസിന്റെ ചികിത്സാസഹായപദ്ധതി

**സൊ**സൈററിഓഫ്സെന്റ് വിൻസെൻറ് ഡീ പോൾലൂർദ്ദ്മാതാ കോൺഫറൻസ് കുമളിയുടെ26-ാംവാർഷികയോഗവും(2017-18) വണ്ടിപ്പെരിയാർ ഏരിയകൗൺസിലിൻെറപ്രതിമാസയോഗവും23/09/2018 ഞായറാഴ്ച 2.00 -ന്കുമളിലൂർദ്ദ്ദേവാലയത്തിൽവച്ച്സംയുക്തമായി നടത്തപ്പെട്ടു. കോൺ:പ്രസിഡണ്ടുംവണ്ടിപ്പെരിയാർഏരിയാകൗൺസിൽ പ്രസിഡണ്ടുമായ ബ്രദർ ചാക്കോ നെല്ലിമലഅദ്ധ്യക്ഷതവഹിച്ച യോഗം ബഹു:.കോൺ: ആത്മീയോപദേഷ്ടാവ് ഫാ. വർഗീസ് ആലുങ്കൽ ഉദ്ഘാടനം ചെയ്തു. അംഗബലം കുറവെങ്കിലും സൊസൈറ്റി പ്രവർത്തനങ്ങളിൽ സന്തോഷമുണ്ടെന്നും കൂടുതലായപ്രവർത്തനങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ തനിക്കേറ്റവും ഇഷ്ടമുള്ള സംഘടനകളിലൊന്നായ സൊസൈറ്റിക്ക് ആവശ്യമായ എല്ലാസഹായവും ഉണ്ടാവുമെന്നും **തൻെറ ഉദ്ഘാടന പ്രസംഗത്തിൽഅച്ചൻ ഉദ്ബോധിപ്പിച്ചു. ഇരുഘടകങ്ങളുടെയും** റിപ്പോർട്ടുംകണക്കുകളുംയഥാക്രമം ബ്ര.ഷിബു.എംഡി (ഏരിയാ കൗൺസിൽ സെക്രട്ടറി) ബ്ര.കെ.പി.ജോസ്എന്നിവർ അവതരിപ്പിച്ചത് യോഗം പാസാക്കി. തുടർന്ന് നടത്തിയ അദ്ധ്യക്ഷപ്രസംഗത്തിൽ കുമളി കോൺഫറൻസിന്റെയും വണ്ടിപ്പെരിയാർ ഏരിയാ കൗൺസിന്റെയും പ്രസിഡന്റായ ബ്ര. ചാക്കോ നെല്ലിമല, സൊസൈറ്റിക്ക് തങ്ങളുടെ ആത്മീയോപദേഷ്ടാവ് നൽകുന്ന പൂർണ്ണപിന്തുണയ്ക്കും സഹായങ്ങൾക്കും നന്ദിപറഞ്ഞുകൊണ്ട് അച്ചന്റെ ഉദ്ഘാടന പ്രസംഗത്തിലെ നിർദ്ദേശം പൂർണ്ണമായും മാനിച്ചുകൊണ്ട് എല്ലാ ആഴ്ചകളിലും പ്രഷർ, ഷുഗർ പരിശോധനയും മാസത്തിലൊരുദിവസം സൗജന്യ വൈദ്യപരിശോധനയും ഉൾപ്പെടുന്ന ചികിത്സാ സഹായപദ്ധതി ഉടൻതന്നെ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചു. പാരീഷ് സെക്രട്ടറി ശ്രീ. പി.എം. ജയശീലൻ ശ്രീ. ഫ്രാൻസിസ് മാളിയേക്കൽ (എച്ച്.എം. മതബോധനം), ശ്രീ. ദേവസ്യാവയലുങ്കൽ (പി.റ്റി.എ.) മി. മൈക്കിൾ (ഇടവകകപ്യാർ), മിസ്സ് ട്രീസാമോൾ, പ്രതിനിധി കെ.സി.വൈ.എം. എന്നിവർ നടത്തിയ ആശംസാപ്രസംഗത്തിൽ അവതരിപ്പിച്ച കണക്കുകളേക്കാൾ വളരേയോറെയാണ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളെന്ന് പറയുകയുണ്ടായി. വണ്ടിപ്പെരിയാർ ഏരിയ കൗൺസിലിന്റെ പരിധിയിലുള്ള എല്ലാ കോൺഫ്രറൻസ് ഭാവാഹികളും കുമളി ലൂർദ് കോൺഫ്രറൻസ് സഹായകാംഗങ്ങളും പങ്കെടുത്ത യോഗത്തിന് ബ്ര.കെ.പി. ജോസ് (വൈസ്പ്രസിഡന്റ്) സ്വാഗതവും ബ്ര. രത്തിനര രാജ് വൈസ്പ്രസിഡന്റ് കൃതജ്ഞതയും അർപ്പിച്ചു.

# ആവേ മരിയാ

നട്ടാശ്ശേരി സെന്റ് മേരീസ് പ്രസീദിയത്തിന്റെ വാർഷികം 14-10-2018 ഞായറാഴ്ച രാവിലെ 9.30 ന് വികാരി ഫാ. ഫെലിക്സ് പുറത്തേപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കൂടി. പ്രാരംഭ പ്രാർത്ഥനയ്ക്കും, ജപമാലയ്ക്കും ശേഷം പ്രസിഡന്റ് സി. ഏലിയാമ്മ ജോർജ്ജ് സ്വാഗതം ആശംസിച്ചു. ലീജിയൻ ഓഫ് മേരി പ്രായംചെന്നവരുടെ മീറ്റിംഗ് ആയി മാത്രം മാറരുതെന്നും യുവജനങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്നും. ലീജിയൻ അംഗങ്ങൾ എല്ലാവർക്കും മാതൃകയാകണമെന്നും അദ്ധ്യക്ഷ പ്രസംഗത്തിൽ ഫെലിക്സച്ചൻ പറഞ്ഞു. ജപശൃംഖലയ്ക്കുശേഷം സി. റോസമ്മ ജോസഫ് ഗാനമാലപിച്ചു. തുടർന്ന് ലിജീയൻ ഓഫ് മേരി ഡയറക്ടർ മേരിമംഗലം അച്ചൻ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് ലീജിയൻ അംഗങ്ങൾക്ക് ആത്മീയ ഉണർവും ചൈതന്യവും ഉണ്ടാകണം. വിൻസെന്റ് ഡി പോൾ സൊസൈറ്റിയും ലീജിയൻ ഓഫ് മേരിയും സഹോദര സംഘടനകളാണ്. അവസാന വിധിയിൽ എനിക്കു വിശന്നു നിങ്ങൾ ഭക്ഷണം തന്നു. ദാഹിച്ചു, കുടിക്കാൻ തന്നു എന്ന് ലീജിയൻ അംഗങ്ങളെപ്പറ്റി ദൈവം പറയാൻ ഇടയാകത്തക്കവിധം വേണം മരിയ സൈനികർ ജീവിക്കണമെന്നും ഉദ്ബോധിപ്പിച്ചു. എല്ലാ ഭക്തസംഘടനകളുമായി നല്ല ബന്ധമുണ്ടായിരിക്കണമെന്നും. അച്ചൻ പറഞ്ഞു, പാരീഷ് കൗൺസിൽ സെക്രട്ടറി ശ്രീ. ജോയി മാരായിക്കുളം, വിൻസെന്റ് ഡി പോൾ പ്രസിഡന്റ് ശ്രീ. പീലിപ്പോസ് തിരുനെല്ലിപ്പറമ്പിൽ എന്നിവർ ആശംസകൾ നേർന്നു. സി. റോസമ്മ ജോസഫ് എല്ലാവർക്കും നന്ദി പറഞ്ഞു. അവസാന ജപത്തിനും, ആശീർവാദത്തിനും സ്നേഹവിരുന്നിനും ശേഷം വാർഷികാഘോഷങ്ങൾ പരിസമാപിച്ചു. ■



തെള്ളകം സെന്റ് മേരീസ് ദൈവാലയത്തിൽ ലിജിയൻ ഓഫ് മേരി വാർഷികം രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് ജോൺ മേരിമംഗലം ഉദ്ഘാടനം ചെയ്തു.

# വി.എസ്.എസ്.എസ്. വാർത്തകൾ

## തയ്യൽ പരിശീലനം




കുറുമുള്ളൂരിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളിലെ വനിത അംഗങ്ങൾക്കായി വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്ര സർക്കാർ ഏജൻസിയായ ജൻശിക്ഷാൻ സൻസ്ഥാന്റെ സഹകരണത്തോടെ നടത്തുന്ന തയ്യൽ പരിശീലനം വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ ഉദ്ഘാടനം ചെയ്തു. നൂതന രീതിയിൽ 30 ദിവസത്തെ പരിശീലനമാണ് നൽകുന്നത്. 18 പേർ പങ്കെടുത്തു,

## ചിറക്



കോട്ടയം ചൈൽഡ് ലൈൻ യുനിസെഫുമായി സഹകരിച്ച് നടത്തിവരുന്ന ബോധവത്ക്കരണ പരിപാടി 'ചിറക്' ജില്ലയിൽ എം.ടി. സെമിനാരി എൻ.എസ്.എസ്. ചങ്ങനാശ്ശേരി, സാൻജോസ് എന്നീ സ്കൂളുകളിലും, മെഡിക്കൽ കോളേജ് സാന്ത്വനത്തിലും നടന്നു. പൊലീസ്, എക്സൈസ്, പ്രകൃതി

ദുരന്ത നിവാരണ സമിതി എന്നീ വകുപ്പുകളുടെയും പ്രമുഖ സ്പോർട്ട്സ് സാമഗ്രികളുടെ വിതരണക്കാരായ ഡെക്കാത്തലോനിന്റെയും പ്രതിനിധികൾ വിവിധ സ്ഥലങ്ങളിൽ ക്ലാസുകൾ നടത്തി.

## എ.സി.എസ്.ഐ. വിദ്യാർത്ഥിസംഗമം

ഫ്രാൻസ് കേന്ദ്രമായി ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എസ്.സി.എസ്.ഐ. എന്ന പ്രസ്ഥാനത്തിന്റെ സ്ഥാപകൻ ഡൊമിനിക്കും സഹപ്രവർത്തകരും വിജയപുരം രൂപതയിൽ സന്ദർശനം നടത്തി. വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി എസ്.സി.എസ്.ഐ. യുടെ വിദ്യാഭ്യാസ പരിപോഷണ പദ്ധതിപ്രകാരം പഠനത്തിനു സഹായിക്കുന്ന കുട്ടികളെ നേരിൽ കാണുവാനും വിശേഷങ്ങൾ പങ്കുവയ്ക്കുന്നതിനുമായി ഇവർ വിവിധ കേന്ദ്രങ്ങൾ സന്ദർശിച്ചു. ഇതോടനുബന്ധിച്ച് വി.എസ്.എസ്. എസിൽ നടന്ന കുട്ടികളുടെ സംഗമത്തിൽ കോ. ഓർഡിനേറ്റർ റവ.സി. സൂസൻ RFTS, പ്രൊജക്ട് ഓഫീസർ കെ.പി. ജോൺ എന്നിവർ സംസാരിച്ചു.

## ആശാകിരണം

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കാൻസർ സാന്ത്വന പദ്ധതിയായ ആശാകിരണത്തിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി കോട്ടയം ഗുഡ്ഷെപ്പേർഡ് പി.ഡി.സി.യുടെ ആഭിമുഖ്യത്തിൽ ചാരിറ്റിബോക്സുകൾ വ്യാപിപ്പിക്കുന്നതിന്റെ ഉദ്ഘാടനം സംഭാവന സ്വീകരിച്ചുകൊണ്ട് വെരി. റവ.ഫാ. ബേസിൽ പാദുവ നിർവ്വഹിച്ചു. ആശാകിരണം കോ-ഓർഡിനേറ്റർ പ്രമീല ജോർജ് ക്ലാസ് നയിച്ചു. ഫാ. ലെനിൻ ജോസ്, ടി.ജെ. ജോസഫ്, കെ.പി.ജോൺ, ഹാർമിസ് ബിജി എന്നിവർ സംസാരിച്ചു.



ആശാകിരണം ചാരിറ്റി ബോക്സ് ഉദ്ഘാടനം കോട്ടയം നല്ലിടയൻ ദേവാലയത്തിൽ ഫാ.ബേസിൽ പാദുവാ നിർവ്വഹിക്കുന്നു.

## കുടിൽ രഹിത രൂപതാ പദ്ധതി പ്രകാരം നിർമ്മിച്ചു നൽകിയ ഏതാനും വീടുകൾ















ഹർത്താൽ ദിനത്തിൽ ഭക്ഷണവിതരണം - ഫാ ഫാ.ഡെന്നീസ് ജോസഫ് കണ്ണമാലിൽ, ഫാ. ഫെലിക്സ് ദേവസ്യ, ഫാ പോൾ ഡെന്നി രാമച്ചംകുടി

# വിധവാ സംഗമം




വിധവാ സംഗമം – ഫാ.ഡെന്നീസ് ജോസഫ് കണ്ണമാലിൽ സംസാരിക്കുന്നു.



വിധവാ സംഗമം – മോൺ.ജസ്റ്റിൻ മഠത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു.

**വി**ജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടേയും കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ വർത്തമാനകേരളത്തിന്റെ സാമ്പത്തിക സാമൂഹിക പശ്ചാത്തലത്തിൽ തങ്ങളുടെ കുടുംബങ്ങളെ നയിക്കുവാൻ വിധവകൾ നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.അമലനിലയത്തിൽ നടന്ന സംഗമം വിജയപുരം വികാരി ജനറാൾ മോൺ. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. വി.എസ്.എസ്.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ.ഡെന്നീസ് ജോസഫ് കണ്ണമാലിൽ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. എറണാകുളം സെന്റ് തെരേസസ് കോളേജ് അദ്ധ്യാപിക ലഫ്.കേണൽ ലളിതാ നമ്പ്യാർ,റവ.സി.ജെസീന എന്നിവർ ക്ലാസ്സ് നയിച്ചു. വി.എസ്.എസ്.എസ് മൂന്നാർ റീജണൽ ഡയറക്ടർ ഫാ. ഷിന്റോ വെളീപ്പറമ്പിൽ, വി.എസ്.എസ്.എസ് അസ്സി.ഡയറക്ടർ ഫാ.ഫെലിക്സ് ദേവസ്യ പുറത്തേപ്പറമ്പിൽ, വി.എസ്.എസ്.എസ് സി.ഡി.ഒ ജോസ്മി സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു. 59 പേർ പങ്കെടുത്തു.

# സംസ്ഥാനതല ലോഗോസ് ക്വിസിൽ പങ്കെടുത്തവർ

## A


Alwin Adimaly


Peter Pothy


Catherine
Idukki

## B


Abin Vettimukal


Iffana
Kattapana


Dimna
Changanassery

## C


Sr. Lourde
Propose


Bro. George
Savio Seminary


Alka Pullarikunnu

## D


Sr. Joly CTC
Thiruvalla


Sr.Suni O.P
Amayanoor


Jibi Raju
Mundakayam

## E


Molly Mathew
Good Shepherd


Elsamma Pakkil


Marykutty Vazhoor

## F


Bright
Perumbavoor


Mariamma
Chathenthara


Rajeena Adimaly

## Family


Aloysius
Pattithanam


Annie
Pattithanam


Maria Pattithanam

## തിരുഹൃദയവർഷം പ്രമാണിച്ച് അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് വെഞ്ചരിപ്പുകർമ്മം നടത്തിയ ഭവനങ്ങൾ



MSFS ആശ്രമം, കട്ടപ്പന



വൈദികവസതി, ദേവികുളം



വൈദികവസതി, കട്ടപ്പന



വൈദികവസതി, ശാന്തമ്പാറ



വൈദികവസതി, തോപ്രാംകുടി



ചെങ്ങളം ഫ്രാൻസിസ്കൻ സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാനകർമ്മവും വ്രതവാഗ്ദാന രജതജൂബിലി ആഘോഷവും




വെട്ടിമുകൾ സെന്റ് മേരീസ് ദൈവാലയത്തിൽ നടന്ന ഹോളിക്രോസ് സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാനകർമ്മവും വ്രതവാഗ്ദാന സുവർണ്ണജൂബിലി ആഘോഷവും



ജൂബിലേറിയൻ റവ.ഫാ. ക്ലീറ്റസ് കതിർപറമ്പിലിന് മൂവാറ്റുപുഴ ക്രിസ്തുരാജ ഇടവകയുടെ ഉപഹാരം ഇടവകസമിതി സെക്രട്ടറി ശ്രീ. അലക്സ് ചേന്നംപള്ളി സമർപ്പിക്കുന്നു.



# അഭിവന്ദ്യ പിതാവിന്റെ
## ഡിസംബർ മാസ പരിപാടികൾ

| | | | | |
|---|---|---|---|---|
| 01 | ശനി | 6.30 am | - | ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| | | 10.30 am | - | സന്യസ്തരുടെ സുപ്പീരിയർമാരുടെ സംഗമം, വിമലഗിരി പാസ്റ്ററൽ സെന്റർ, കോട്ടയം |
| 04-06 | | | - | കെ.സി.ബി.സി, പി.ഒ.സി. എറണാകുളം |
| 07 | വെള്ളി | | - | PPD |
| 08 | ശനി | 3.00 pm | - | തിരുനാൾ ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 14 | വെള്ളി | | - | PPD |
| 15 | ശനി | 11.00 am | - | ലീജിയൻ ഓഫ് മേരി വിജയപുരം കൊമ്മീസിയം വാർഷികം, ഗുഡ്ഷെപ്പേർഡ് കാർമൽ ഹാൾ, കോട്ടയം |
| 21 | വെള്ളി | | - | PPD |
| 24 | തിങ്കൾ | 10.00 pm | - | തിരുപ്പിറവിപൂജ, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 25 | ചൊവ്വ | 10.30 am | - | ദിവ്യബലി, അഭയഭവൻ, കോട്ടയം |
| 28 | വെള്ളി | | - | PPD |
| 31 | തിങ്കൾ | 11.00 pm | - | നവവത്സര ദിവ്യബലി, വിലഗിരി കത്തീഡ്രൽ, കോട്ടയം |

# ലോക ദരിദ്രദിനം



പ്രകൃതി വിഭവങ്ങൾ ലോകത്തെ എല്ലാവർക്കും കൂടി അവകാശപ്പെട്ടതാണ്. അത് പാവപ്പെട്ടവർക്കു നിഷേധിക്കുന്നു. അതേ സമയം ഒരുപിടി സമ്പന്നർ, എല്ലാവർക്കുംകൂടി അവകാശപ്പെട്ടവ കൊള്ളയടിക്കുന്നു. ദരിദ്രരുടെ കരച്ചിൽ ദിനംപ്രതി ഉച്ചത്തിലാകുന്നുണ്ട്. പക്ഷേ വീണ്ടും വീണ്ടും സമ്പന്നരായിക്കൊണ്ടിരിക്കുന്നവരുടെ ബഹളത്തിൽ മുങ്ങിപ്പോകുന്നു. ലോക ദരിദ്രദിനത്തിൽ വത്തിക്കാനിലേക്കു ക്ഷണിക്കപ്പെട്ട 3,000 പാവങ്ങൾക്കൊപ്പം ഉച്ചഭക്ഷണത്തിനിരിക്കും മുമ്പു ഫ്രാൻസീസ് പാപ്പാ പറഞ്ഞതാണീ വാക്കുകൾ.

ജനിച്ച മണ്ണും ഭവനവും ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്നവരുടെയും പ്രകൃതി വിഭവങ്ങൾ അടക്കുമുള്ള അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരുടെയും കരച്ചിൽ കേൾക്കാൻ തയ്യാറാകണമെന്ന് പാപ്പ ആവശ്യപ്പെട്ടു. നേരത്തെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ മാർപാപ്പ അർപ്പിച്ച ദിവ്യബലിയിൽ ആറായിരം പേർ പങ്കെടുത്തു. പോൾ ആറാമൻ ഹാളിലെ ഉച്ചഭക്ഷണത്തെത്തുടർന്ന് സൗജന്യ മെഡിക്കൽ ക്യാമ്പ് സേവനവും നല്കി. ഫ്രാൻസിസ് മാർപാപ്പ മുൻകൈ എടുത്താണ് വത്തിക്കാന്റെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം മുതൽ ലോക ദരിദ്ര ദിനം നവംബർ 19ന് ആചരിക്കുന്നത്.



SOUTH INDIAN Bank
SIB YOUTH PLUS Savings Account
Experience the Next Generation Savings Account for YOUNG




Need a vehicle?
Vehicle loans from CSB
We realize that India's growing population and economy requires better means of transport. Be it Companies, Firms, Educational Institutions, Hospitals or Individuals, we help finance your purchase. Our loans are hassle free and the interest rates competitive. We help when you need it the most.
Loans available for individuals and organizations
Loans available for purchase of new and used vehicles
Special scheme for HNI's
Equated Monthly Installments (EMI)
Call: 1800 266 9090
www.csb.co.in
CSB... Support all the way
Catholic Syrian Bank
CSB

DECEMBER 2018
Vol. 11 • Issue 12
Published on
1st December 2018

Vijayapuradhuthu
(MONTHLY)
Annual Subscription ₹ 60.00

Registered No. KL/KTM/117/2017-19
LIC. No. KL/CR/KTM/WPP-09/2017-19
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA


# മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം



# ECOBURN™

**MOST ECONOMICAL ECO–FRIENDLY SOLID WASTE BURNER**

വൈദ്യുതി, ഗ്യാസ്, ഓയിൽ തുടങ്ങിയ യാതൊരുവിധ ഇന്ധന സഹായവുമില്ലാതെ തികച്ചും പരിസ്ഥിതി സൗഹൃദപരമായി ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യ. മലിനീകരണ നിയന്ത്ര സംവിധാനത്തോടെ, ഫ്ളാറ്റുകൾ, ആശുപത്രികൾ ഹോസ്റ്റലുകൾ, ഓഡിറ്റോറിയങ്ങൾ, ഹോട്ടലുകൾ ഷോപ്പിംഗ് കോംപ്ലക്സ്, പൊതുമാർക്കറ്റുകൾ, വീടുകൾ എന്നിവയിൽ നിന്നുള്ള ഖരമാലിന്യ പ്രശ്നങ്ങൾക്ക് ചിലവു കുറഞ്ഞ രീതിയിൽ ശാശ്വത പരിഹാരം.

- ലളിതമായ പ്രവർത്തനരീതി
- പരിപാലന ചിലവ് ഇല്ല
- ആവശ്യാനുസരണമുള്ള ഡിസൈൻ
- വളരെ കുറഞ്ഞ സ്ഥാപിത ചിലവ്

**ecoway TECHNOLOGIES PVT. LTD.**

**Perumbaikadu P.O., Neelimangalam**
**Kottayam - 686028**
**Ph: 0481-2397752/9400316501**

**ENVIRONMENTAL CONSULTANTS & MANUFACTURES OF:**

WATER & WASTE WATER TREATMENT PLANTS • SOLID WASTE DISPOSAL SYSTEMS • AIR POLLUTION CONTROL STSTEMS


Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at Good Shepherd Press, Kottayam, Kerala. # 0481-2569180